24
2024
മേയ്
വെള്ളി
ഇടവം 10

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.192 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-192 | പേജ് 4. വില 2.00 രൂപ

02 അനുമതി വൈകും; തദ്ദേശവാർഡ് പുനർവിഭജന ഓർഡിനൻസ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ചു

03 ദുരിതംവിതച്ച് മഴ; നഗരങ്ങളിൽ വെള്ളക്കെട്ട്, പരക്കെ നാശനഷ്ടം

04 സ്കൂളുകളിലെ സോഷ്യൽ ഓഡിറ്റ് 24 മുതൽ

# കുറഞ്ഞ സമയംകൊണ്ട് കൂടുതൽ മഴയ്ക്ക് സാധ്യത

## • 223 പേരെ മാറ്റിപ്പാർപ്പിച്ചു ജാഗ്രതവേണമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ മഴയ്ക്ക് സാധ്യതയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മലവെള്ളപ്പാച്ചിലും മിന്നൽപ്രളയവും കരുതിയിരിക്കണം. സംസ്ഥാനത്ത് എട്ട് ക്യാമ്പുകളിലായി 223 പേരെ മാറ്റിപ്പാർപ്പിച്ചുവെന്നും മുഖ്യമന്ത്രി അറിയിച്ചു.

കേരളത്തിൽ അതിതീവ്ര മഴക്ക് സാധ്യതയുള്ളതിനാൽ വ്യാഴാഴ്ച എറണാകുളം, തൃശ്ശൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് റെഡ് അലേർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ വ്യാഴാഴ്ചയും പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നി ജില്ലകളിൽ വെള്ളിയാഴ്ചയും ഓറഞ്ച് അലേർട്ട് പ്രഖ്യപിച്ചിട്ടുണ്ട്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ കേരള തീരത്തു നിന്ന് കടലിൽ പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.



അതിതീവ്ര മഴ അപകടങ്ങൾ സൃഷ്ടിക്കും. കുറഞ്ഞ സമയംകൊണ്ട് വലിയ മഴയുണ്ടാകുന്ന രീതിയാണ് പ്രതീക്ഷിക്കുന്നത്. അത് മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും സൃഷ്ടിച്ചേക്കാം. നഗരപ്രദേശങ്ങളിലും പൊതുവെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടാനും സാധ്യതയുണ്ട്. മഴ തുടരുന്ന സാഹചര്യം മണ്ണിടിച്ചിലും ഉരുൾപൊട്ടലും സൃഷ്ടിച്ചേക്കാം. ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുഖ്യമന്ത്രി ഫേയ്സ്ബുക്ക് കുറിപ്പിൽ പറയുന്നു.

ശക്തമായ കാറ്റിനു സാധ്യതയുള്ളതിനാൽ അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും പ്രത്യേക ജാഗ്രത പാലിക്കണം. അപകടാവസ്ഥ മുന്നിൽ കാണുന്നവർ അധികൃതരുമായി ബന്ധപ്പെട്ട് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി മാറി താമസിക്കണം. സംസ്ഥാനത്തൊട്ടാകെ എട്ട് ക്യാമ്പുകളിലായി 223 പേരെ മാറ്റി താമസിപ്പിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.



# മുംബൈയിലെ ഫാക്ടറിയിൽ സ്ഫോടനം: മരണം എട്ടായി, 60 പേർക്ക് പരിക്ക്

മുംബൈ: താനെ ഡോംബിവാലിയിലെ കെമിക്കൽ ഫാക്ടറിയിൽ ബോയിലർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ മരണസംഖ്യ ഉയരുന്നു. വ്യാഴാഴ്ച ഉച്ചയോടെയുണ്ടായ തീപിടിത്തതിൽ എട്ട് പേർ മരിച്ചു. 60 പേർക്ക് പരിക്കേറ്റതായും എൻ.ഡി.ടി.വി റിപ്പോർട്ട് ചെയ്തു.

ഉച്ചയ്ക്ക് 1.30നായിരുന്നു സ്ഫോടനം. ഫാക്ടറിയിൽ നിന്ന് വൻ ശബ്ദത്തോടെ മൂന്ന് സ്ഫോടനങ്ങൾ കേട്ടതായാണ് ദൃക്സാക്ഷികൾ വെളിപ്പെടുത്തുന്നത്. കെട്ടിടത്തനുള്ളിൽനിന്ന് മുഴുവൻ ആളുകളേയും ഒഴിപ്പിക്കാൻ ഇപ്പോഴും സാധിച്ചിട്ടില്ല. ഡ്രോണുകൾ ഉപയോ?ഗിച്ച് ഇവരെ കണ്ടെത്താനുള്ള ശ്രമത്തിലാണ് രക്ഷാപ്രവർത്തകർ. അ?ഗ്നിരക്ഷാസേനയും ആംബുലൻസും സ്ഥലത്തുണ്ട്.

കാർ ഷോറൂമടക്കം സമീപത്തെ മറ്റ് രണ്ട് കെട്ടിടങ്ങളിലേക്കും തീ പടർന്നിരുന്നു. സ്ഫോടനത്തിന്റെ ആഘാതത്തിൽ സമീപത്തെ വീടുകളുടെ ജനലുകൾ തകർന്നു. സ്ഫോടനശബ്ദം കിലോമീറ്ററുകൾ അകലെവരെ കേട്ടതായാണ് റിപ്പോർട്ടുകൾ. സമീപത്തെ ക്ഷേത്രത്തിലും സ്ഫോടനത്തിന്റെ പ്രകമ്പനം അനുഭവപ്പെട്ടു. നിരവധി ഭക്തർ ക്ഷേത്രത്തിലെ ചടങ്ങിൽ പങ്കെടുക്കുന്നതിനിടെയായിരുന്നു അപകടം. ഇവരെ, സുരക്ഷിത സ്ഥലത്തേക്ക് മാറ്റിയതായി അധികൃതർ അറിയിച്ചു.

ഫാക്ടറിയിൽനിന്ന് എട്ട് പേരെ ഒഴിപ്പിച്ചതായി അപകടസ്ഥലം സന്ദർശിച്ചതിന് ശേഷം മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫട്നാവിസ് അറിയിച്ചിരുന്നു. മുഖ്യമന്ത്രി ഏക്നാഥ് ഷിന്ദേയും അപകടസ്ഥലം സന്ദർശിച്ചു. അപകടത്തിൽ മരിച്ചവരുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നൽകുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. പരിക്കേറ്റവരുടെ ചികിത്സാച്ചെലവ് സർക്കാർ വഹിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### കടലിൽ ചാടിയ പത്താം ക്ലാസുകാരി മരിച്ചു; ആൺ സുഹൃത്തിനായി തിരച്ചിൽ

തിരുവനന്തപുരം : വർക്കല ഇടവ വെറ്റക്കട കടപ്പുറത്ത് സ്വകാര്യ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിനി കടലിൽ ചാടി ആത്മഹത്യ ചെയ്തു. ഇടവ വെൺകുളം സ്വദേശി ശ്രേയ (14) ആണ് മരിച്ചത്. ഉച്ചയ്ക്ക് ഒന്നരയോടെയാണ് സംഭവം.

മൊബൈൽ ഫോൺ നൽകാത്തതിന്റെ പേരിൽ പെൺകുട്ടി വീട്ടിൽനിന്ന് പിണങ്ങി ഇറങ്ങിപ്പോയതാണെന്നാണ് വിവരം. ആൺസുഹൃത്തിനൊപ്പം വെറ്റക്കട ബീച്ചിൽ എത്തി കടലിൽ ചാടിയെന്നാണു പറയപ്പെടുന്നത്. ശ്രേയയുടെ മൃതദേഹം കിട്ടി. കൂടെയുണ്ടായിരുന്ന ആൺസുഹൃത്തിനായി തിരച്ചിൽ തുടരുകയാണ്. ശ്രേയയുടെ മൃതദേഹം പാരിപ്പള്ളി മെഡിക്കൽ കോളജിലേക്ക് മാറ്റി.

# ആളുമാറി അറസ്റ്റ്; യുവാവ് ജയിലിൽ കിടന്നത് നാലു ദിവസം

മലപ്പുറം: ആളുമാറി പോലീസ് അറസ്റ്റ് ചെയ്തതിനെ തുടർന്ന് യുവാവ് ജയിലിൽ കിടന്നത് നാലു ദിവസം. പൊന്നാനിയിൽ കഴിഞ്ഞ തിങ്കളാഴ്ച നടന്ന സംഭവത്തിൽ അബൂബക്കർ ആലുങ്ങലാണ് ജയിലിൽക്കിടന്നത്.

വടക്കേപ്പുറത്ത് അബൂബക്കർ എന്നയാൾക്കെതിരെ ആയിഷാബി എന്ന യുവതി പരാതി നൽകിയിരുന്നു. എന്നാൽ പോലീസ് അറസ്റ്റ് ചെയ്തത് അബൂബക്കർ ആലുങ്ങൽ എന്നയാളെയാണ്.

അറസ്റ്റിലായ അബൂബക്കറും ഭാര്യയും തമ്മിൽ കുടുംബ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതിനാൽ തൻറെ ഭാര്യ നൽകിയ പരാതിയാണെന്ന് കരുതി അബൂബക്കർ പോലീസിനോട് സഹകരിക്കുകയും ചെയ്തു.

പോലീസ് വീട്ടിൽ വന്ന് അബൂബക്കറാണോ എന്ന് ചോദിച്ച് കൂട്ടിക്കൊണ്ടുപോകുകയായിരുന്നു. എന്നാൽ പിതാവിൻറെ പേര് ഒരു പോലെയാണെങ്കിലും വീട്ടുപേരിൽ വ്യത്യാസമുണ്ടെന്ന് താൻ പോലീസിനോട് പറഞ്ഞിരുന്നെന്നും യുവാവ് പറയുന്നു.

പോലീസ് അത് കാര്യമാക്കിയില്ലെന്നും തിടുക്കപ്പെട്ട് കോടതിയിൽ ഹാജരാക്കുകയും ചെയ്തുവെന്നും അബൂബക്കർ പറഞ്ഞു. കോടതി നാല് ലക്ഷം രൂപ പിഴയും ആറുമാസം തടവ് ശിക്ഷയും വിധിച്ചു.

തുടർന്ന് തവനൂർ സെൻട്രൽ ജയിലിലേക്ക് പറഞ്ഞയക്കുകയും ചെയ്തു. കഴിഞ്ഞ നാലുദിവസം ജയിലിൽ കഴിയുകയും ചെയ്തു. സംശയം തോന്നിയ അബൂബക്കറിൻറെ ബന്ധുക്കൾ പോലീസ് സ്റ്റേഷനിലെത്തി രേഖകൾ പരിശോധിച്ചപ്പോഴാണ് ആളുമാറിയതാണെന്ന് മനസിലായത്. ഇരുവരുടെയും പിതാവിൻറെ പേരുകൾ ഒരേ പോലെയായതാണ് ആശയക്കുഴപ്പമുണ്ടാകാൻ കാരണമെന്ന് പോലീസ് പറഞ്ഞു.

### ഛത്തീസ്ഗഢിൽ ഏഴ് മാവോയിസ്റ്റുകളെ വധിച്ചു

റായ്പുർ: സുരക്ഷാ സേനയുമായുള്ള ഏറ്റുമുട്ടലിൽ ഏഴ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ഛത്തീസ്ഗഢിലെ നാരായൺപൂർ, ബസ്തർ, ദന്തേവാഡ ജില്ലകളിൽ നടന്ന ഏറ്റുമുട്ടലിലാണ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതെന്ന് അധികൃതർ പറഞ്ഞു.

രാവിലെ 11 മുതൽ ആരംഭിച്ച ഏറ്റുമുട്ടൽ വൈകുന്നേരം വരെ തുടർന്നു. സംഭവസ്ഥലത്ത് നിന്ന് ആയുധങ്ങളും മറ്റ് സാമഗ്രികളും പോലീസ് പിടിച്ചെടുത്തു.

ആക്രമണം നടന്ന സ്ഥലത്തു നിന്ന് ഏഴു പേരുടെയും മൃതദേഹങ്ങൾ കണ്ടെടുത്തതായി പോലീസ് അറിയിച്ചു.

# വഴിയാത്രക്കാരെ തടഞ്ഞ് പണപ്പിരിവ്; പിടിക്കാനെത്തിയ പോലീസിനുനേരെ വാളുവീശി രക്ഷപെട്ടു

തിരുവനന്തപുരം: കോവളം കോളിയൂരിൽ സ്ഥിരമായി വഴിയാത്രക്കാരെ തടഞ്ഞുനിർത്തി ഭീഷണിപ്പെടുത്തുകയും പണപ്പിരിവ് നടത്തുകയും ചെയ്തുവന്ന യുവാവിനെ പിടികൂടാനെത്തിയ പോലീസ് സംഘത്തിനുനേരെ വാളുവീശി ആക്രമണം. പോലീസ് ജീപ്പിന് നേരെ കല്ലെറിഞ്ഞ് ഗ്ലാസ് പൊട്ടിച്ച പ്രതി ഓടി രക്ഷപ്പെട്ടു.

കൈലിപ്പാറ കോളനി സ്വദേശി ഗോകുൽ കണ്ണൻ (22) ആണ് കോവളം പോലീസിനെ ആക്രമിക്കുകയും വാളുകാട്ടി ഭീഷണിപ്പെടുത്തുകയും ജീപ്പിന്റെ പിൻഭാഗത്തെ ഗ്ലാസ് എറിഞ്ഞുപൊട്ടിച്ച ശേഷം ഓടി രക്ഷപ്പെടുകയും ചെയ്തത്. വ്യാഴാഴ്ച രാവിലെ പത്തുമണിയോടെ ആയിരുന്നു സംഭവം. കോവളം പോലീസ് സ്റ്റേഷൻ പരിധിയിലെ കോളിയൂർ പുലരി റസിഡൻസിലുള്ള നാട്ടുകാരെയാണ് ഗോകുൽ കണ്ണൻ സ്ഥിരമായി ഭീഷണിപ്പെടുത്തി പണം ആവശ്യപ്പെട്ടിരുന്നത്. പണം നൽകാൻ വിസമ്മതിക്കുന്നവരെ ആയുധം ഉപയോഗിച്ച് ആക്രമിക്കുകയും മർദിക്കുകയും ചെയ്തിരുന്നു. ബൈക്ക് യാത്രികരെ തടഞ്ഞാണ് ഇയാൾ പണപ്പിരിവ് നടത്തിയിരുന്നത്. റസിഡൻസ് അസോസിയേഷൻ ഭാരവാഹിയെയും ഇയാൾ ഇത്തരത്തിൽ ആക്രമിച്ചു. ഇതേത്തുടർന്ന് കോളിയൂർ പുലരി റസിഡൻസിന്റെ ഭാരവാഹികൾ കോവളം എസ്.എച്ച്.ഓയ്ക്ക് പരാതി നൽകി. പരാതിയുടെ അടിസ്ഥാനത്തിലാണ് എസ്.ഐ. പ്രദീപ് ഉൾപ്പെട്ട പോലീസ് സംഘം ഗോകുൽ കണ്ണനെ തേടിയെത്തിയത്.

# ഇടവേള ബാബുവും മോഹൻലാലും സ്ഥാനമൊഴിയും; 'അമ്മ'യിൽ വൻ മാറ്റങ്ങൾക്ക് സാധ്യത

കൊച്ചി: താരസംഘടനയായ അമ്മയുടെ നേതൃനിരയിൽ വൻ മാറ്റങ്ങൾക്ക് സാധ്യതയെന്ന് സൂചന. കാൽ നൂറ്റാണ്ടായി അമ്മയുടെ നേതൃനിരയിലുള്ള നടൻ ഇടവേള ബാബു സ്ഥാനമൊഴിയുമെന്ന കടുത്ത നിലപാടിലാണ്.

പുതിയ നേതൃത്വം വരട്ടെ എന്നും മാറ്റം അനിവാര്യമാണെന്നും താനായിട്ട് മാറിയെങ്കിലേ നടക്കൂ എന്നുമാണ് ബാബുവിൻറെ നിലപാട്. നിലവിൽ അമ്മയുടെ ജനറൽ സെക്രട്ടറിയാണ് അദ്ദേഹം.

ബാബുവിനൊപ്പം പ്രസിഡൻറ് മോഹൻലാലും സ്ഥാനമൊഴിയാൻ സന്നദ്ധത അറിയിച്ചു കഴിഞ്ഞു. ഇരുവരും സ്ഥാനമൊഴിഞ്ഞാൽ നേതൃനിരയിലേക്ക് പുതിയതായി ആര് എത്തുമെന്നതാണ് താരസംഘടനയിലെ പ്രധാന ചർച്ച.

ജൂൺ 30ന് കൊച്ചി ഗോകുലം കൺവെൻഷൻ സെൻററിലാണ് അമ്മയുടെ തെരഞ്ഞെടുപ്പ് പൊതുയോഗം നടക്കുക. 506 അംഗങ്ങൾക്കാണ് വോട്ടവകാശമുള്ളത്. ജൂൺ മൂന്നു മുതൽ പത്രികകൾ സ്വീകരിക്കും.

1994ൽ താരസംഘടന രൂപീകൃതമായ ശേഷമുള്ള മൂന്നാമത്തെ ഭരണസമിതി മുതൽ ഇടവേള ബാബു നേതൃനിരയിലുണ്ട്. ഇന്നസെൻറ് പ്രസിഡൻറും മമ്മൂട്ടി ഓണററി സെക്രട്ടറിയുമായ കമ്മിറ്റിയിൽ ജോയിൻറ് സെക്രട്ടറിയായാണ് അദ്ദേഹം പ്രവർത്തനം തുടങ്ങിയത്.

മമ്മൂട്ടിയും മോഹൻലാലും പിന്നീട് ജനറൽ സെക്രട്ടറി സ്ഥാനം അലങ്കരിച്ചപ്പോൾ ബാബു സെക്രട്ടറിയായി. 2018ലാണ് ജനറൽ സെക്രട്ടറി പദവിയിൽ എത്തിയത്. കഴിഞ്ഞ തവണ തന്നെ ബാബു സ്ഥാനമൊഴിയാൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നെങ്കിലും സംഘടനയുടെ കൂട്ടായ ആവശ്യപ്രകാരം തുടരാൻ തീരുമാനിക്കുകയായിരുന്നു. ഇത്തവണ എത്ര സമ്മർദ്ദമുണ്ടായാലും സ്ഥാനമൊഴിയുമെന്ന നിലപാടിലാണ് ഇടവേള ബാബു.

കഴിഞ്ഞ തവണ നടന്ന തെരഞ്ഞെടുപ്പിൽ ബാബുവിന് പുറമേ മോഹൻലാലും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. എന്നാൽ വൈസ് പ്രസിഡൻറ് സ്ഥാനത്തേക്കും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കും മത്സരം നടന്നു.

മണിയൻപിള്ള രാജുവും ശ്വേതാ മേനോനും വോട്ടെടുപ്പിലൂടെ വൈസ് പ്രസിഡൻറായപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ലാലും വിജയ് ബാബുവും അട്ടിമറി വിജയം നേടി. ഔദ്യോഗിക പക്ഷത്തുനിന്ന് മത്സരിച്ച നിവിൻ പോളിയും ആശാ ശരത്തും ഹണി റോസുമാണ് തോറ്റത്.



# മുല്ലൂർ ശാന്തകുമാരി വധക്കേസ്: പ്രതികളെ കുടുക്കിയത് വീട്ടുടമയെ വിളിച്ച ഫോൺകോൾ

വിഴിഞ്ഞം: കൊല നടത്തി മുങ്ങുന്നതിനിടയിൽ വാടക വീട് ഒഴിയുന്നതായി ഉടമസ്ഥനെ അവസാന വട്ടം ഫോണിൽ വിളിച്ചറിയിച്ചതാണ് പ്രതികൾക്ക് വിനയായത്. വിഴിഞ്ഞം പോലീസിൻറെ തന്ത്രപരമായ നീക്കത്തിൽ കൊലപാതകം പുറംലോകമറിഞ്ഞ് മൂന്നു മണിക്കൂറിനുള്ളിൽ പ്രതികളെ അകത്താക്കാൻ കഴിഞ്ഞു.

സംഭവദിവസം രാവിലെ പത്തോടെ ശാന്തകുമാരിയെ വകവരുത്തി വാടക വീടിൻറെ തട്ടിൽ ഒളിപ്പിച്ചുവച്ച വിവരം നാട്ടുകാരും പോലീസും അറിയുന്നത് രാത്രി എട്ടു മണിയോടെ ആയിരുന്നു. സ്ഥലത്തെത്തിയ പോലീസ് മൃതദേഹം ശാന്തകുമാരിയുടെതാണെന്ന് ഉറപ്പുവരുത്തിയശേഷം പ്രതികളിലെത്താനുതകുന്ന തെളിവുകൾക്കായി നാലുപാടും പാഞ്ഞു.

ഇതിനിടയിലാണ് പ്രതികൾക്ക് വീട് വാടകയ്ക്ക് നൽകിയ മുല്ലൂർ പനവിള സ്വദേശി ശ്രീകുമാറിൻറെ ഫോണിലേക്ക് തങ്ങൾ വീട് ഒഴിയുന്നതായി അറിയിച്ച അൽ അമീൻറെ ഫോൺ നമ്പർ ലഭിച്ചത്. ഈ നമ്പർ കച്ചിത്തുരുമ്പായി കണ്ട പോലീസ് ശ്രീകുറിനെ കൊണ്ടുതന്നെ രണ്ടു പ്രാവശ്യം വിളിപ്പിച്ചു.

സംഭവത്തിൻറെ ഗൗരവമറിയാതെ അൽഅമീൻ ഫോണെടുത്തത് പ്രതികളിലേക്ക് എത്തുന്നതിനുള്ള വഴി തെളിച്ചു. കൊലയാളികൾ ഉള്ളത് തിരുവനന്തപുരം സിറ്റിയാണെന്നു മനസിലാക്കിയ പോലീസ് മൂന്നു സംഘങ്ങളായി തിരിഞ്ഞ് സിറ്റിയിലേക്ക് പാഞ്ഞു. വാടകക്കാരനോട് വിഴിഞ്ഞത്തേക്ക് തിരികെ വരുന്നതായി അറിയിച്ച് പോലീസിനെ വഴിതെറ്റിക്കാൻ ശ്രമിച്ച സംഘം പാലക്കാട്ടേക്ക് വണ്ടി കയറുന്നതിനുള്ളതന്ത്രം മെനഞ്ഞു.

ആദ്യം ഫോണെടുത്ത ലൊക്കേഷൻ തമ്പാനൂരിലെ ആഡംബര ഹോട്ടൽ ആണെന്നു മനസിലാക്കിയ അന്വേഷണ സംഘം അവിടെ എത്തുന്നതിനിടയൽ സംഘം തന്ത്രപൂർവ്വം മുങ്ങി. കെഎസ്ആർടിസി ബസ് സ്റ്റാൻഡ് ഉൾപ്പെടെയുള്ള കേന്ദ്രങ്ങൾ കയറിയിറങ്ങിയ പോലീസ് സിറ്റിയിലെ സ്വകാര്യ ബസ് സർവീസ് സെൻററിലും എത്തി. അവിടെ നടത്തിയ പരിശോധനയിൽ കൊലയാളി സംഘം ബസിൽ കടന്നതായി സൂചന ലഭിച്ചു. എന്നാൽ പോലീസ് പുറകെളണ്ടെന്നു സംശയിച്ച സംഘം ഫോണുകൾ സ്വിച്ച് ഓഫ് ചെയ്തു. ഇതിനിടയിൽ ബസ് സിറ്റിയും കഴിഞ്ഞു കഴക്കൂട്ടമെത്തി യിരു ന്നു. ഇതോടെ ബസ് തടഞ്ഞ് നിർത്തി പരിശോധിക്കാൻ വിഴിഞ്ഞം പോലീസ് കഴക്കൂട്ടം പോലിസിൻറെ സഹായം തേടി. തടഞ്ഞു നിർത്തിയ ബസിൽ പോലീസ് നടത്തിയ പരിശോധനയിലാണ് പ്രതികൾ വലയിലായത്.

വിഴിഞ്ഞം സിഐ ആയിരുന്ന പ്രജീഷ് ശശി, എസ്ഐമാരായ സമ്പത്ത്, വിനോദ്, പോലീസ് ഓഫീസർമാരായ സെൽവരാജ്, സാബു, രാമു, അജയൻ, വനിതാ പോലീസുകാരായ വിജിത, ചന്ദ്രലേഖ എന്നിവരുൾപ്പെട്ട സംഘമാണ് കേസന്വേഷണത്തിന് നേതൃത്വം നൽകിയത്.



സംസ്ഥാന വയോജന കൗൺസിലിലെയും, ജില്ലാതല വയോജന കമ്മിറ്റിയിലെയും അംഗങ്ങൾക്കായുള്ള ഏകദിന പരിശീലന പരിപാടി മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

# ശാസ്ത്രീയ മാലിന്യ പരിപാലനം: അവബോധം ഊർജ്ജിതമാക്കാൻ ഓൺലൈൻ കോഴ്സ്

തിരുവനന്തപുരം: മാലിന്യമുക്തം നവകേരളം പ്രചരണം ഒരു വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി കിലയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ കോഴ്സ് ആരംഭിച്ചു. സംസ്ഥാനത്തെ ഖരമാലിന്യ പരിപാലന സംവിധാനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളിലേക്കും പ്രചരണത്തിൽ പങ്കാളിയാകാൻ താത്പര്യമുള്ള സന്നദ്ധ പ്രവർത്തകരിലേക്കും എത്തിക്കുന്നതിനാണ് കിലയുടെ ഇകോഴ്സസ് പോർട്ടൽ വഴി പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

ശാസ്ത്രീയമായ മാലിന്യ പരിപാലനം എങ്ങനെ നടപ്പാക്കാമെന്നും അതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെന്നും ഇതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ചെയ്താൽ നേരിടേണ്ടി വരുന്ന നടപടികൾ എന്തെന്നും കോഴ്സിൽ മനസിലാക്കാം.

വീഡിയോയും ക്വിസ്സും ഉൾപ്പെടുത്തിയിരിക്കുന്ന കോഴ്സ് തീർത്തും സൗജന്യമാണ്. റെക്കോർഡഡ് ക്ലാസ് ആയതിനാൽ ഇഷ്ടാനുസരണം കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടാവുന്നതാണ്. യുവാക്കൾക്കും വിദ്യാർത്ഥികൾക്കും പ്രാദേശിക കൂട്ടായ്മകൾക്കും ഈ കോഴ്സിൽ പങ്കെടുത്ത് മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ മറ്റുള്ളവരിലേയ്ക്ക് കൈമാറാൻ സാധിക്കും. കോഴ്സിനെ നാലു വർഷ ഡിഗ്രി പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട മന്ത്രിതല ചർച്ചകളും നടന്നു വരുന്നു.

കേരളത്തിലെ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾമാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (എംഒഒസി) എന്നതാണ് കോഴ്സിൻറെ പേര്. മാലിന്യ സംസ്കരണ സംവിധാനങ്ങളിലെ പ്രതിസന്ധിയും പ്രതിവിധിയും, മാലിന്യമുക്തം നവകേരളം പ്രചരണത്തിൻറെ നാൾ വഴികൾ, ഗാർഹികകമ്മ്യൂണിറ്റി തല ജൈവ മാലിന്യ സംസ്കരണ സംവിധാനം, എയ്റോബിൻ കമ്പോസ്റ്റിഗ്, ബിൻ കമ്പോസ്റ്റർ, ബയോഗ്യാസ് പ്ലാൻറ്, ജൈവ സംസ്കരണ ഭരണി, മൺകല കമ്പോസ്റ്റ്, കുഴി കമ്പോസ്റ്റ്, ഓർഗാനിക് കമ്പോസ്റ്റ് മെഷീൻ, പോർട്ടബിൾ ബയോബിൻ കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, അജൈവ മാലിന്യം കൈകാര്യം ചെയ്യുന്ന രീതി, സാനിറ്ററി മാലിന്യം, ഗാർഹിക ആപത്കര മാലിന്യം, കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യം, അറവ് മാലിന്യം, ഗ്രീൻ പ്രോട്ടോക്കോൾ തുടങ്ങിയ വിവിധ വിഷയങ്ങൾ കോഴ്സിൻറെ ഭാഗമാണ്.

h-ttp-s://www.k-i-l-a.a-c.in എന്ന കിലയുടെ വെബ്സൈറ്റിൽ നിന്നും h-ttp-s://e-cour-se-s.k-i-l-a.a-c.in എന്ന ഇകോഴ്സസ് പോർട്ടൽ ലോഗിൻ ചെയ്ത് കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. തുടർന്ന് ഹോം പേജിലെ കോഴ്സസ് ഓപ്ഷനിൽ നിന്നും കോഴ്സ് ലിസ്റ്റ് ക്ലിക്ക് ചെയ്യുക.

കേരളത്തിലെ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (എംഒസി) എന്ന കോഴ്സ് തിരഞ്ഞെടുത്ത് വിവരങ്ങൾ നൽകി കോഴ്സിൽ ചേരാവുന്നതാണ്. താഴെ കാണുന്ന ക്യൂ ആർ കോസ് സ്കാൻ ചെയ്തും കോഴ്സിൽ രജിസ്റ്റർ ചെയ്യാം.

# അനുമതി വൈകും; തദ്ദേശവാർഡ് പുനർവിഭജന ഓർഡിനൻസ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശ വാർഡ് പുനർവിഭജനത്തിനുള്ള ഓർഡിനൻസിൽ സർക്കാരിനു തിരിച്ചടി. ഓർഡിനൻസ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ചു.

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻറെ അനുമതിക്ക് ശേഷം വീണ്ടും ഗവർണർക്ക് അയക്കണം. കമ്മീഷൻറെ അനുമതി ലഭിക്കാൻ ഇനിയും കാത്തിരിക്കേണ്ടി വരുമെന്നാണു സൂചന. ഓർഡിനൻസിൽ തീരുമാനം വൈകുന്നതിനാൽ നിയമസഭാ സമ്മേളനം വിളിച്ചുചേർക്കാനുള്ള നീക്കം പ്രതിസന്ധിയിലാണ്.

സംസ്ഥാനത്തെ ഒട്ടുമിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വാർഡ് പുനർവിഭജനം നടത്താൻ നിർദേശിച്ച് മന്ത്രിസഭ അംഗീകരിച്ചു ഗവർണറുടെ പരിഗണനയ്ക്ക് അയച്ച ഓർഡിനൻസ് ഗവർണർ മടക്കിയിരുന്നു.

തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഓർഡിനൻസിൽ തെരഞ്ഞെടുപ്പു കമ്മീഷൻറെ അനുമതി തേടാൻ ഗവർണർ തീരുമാനിച്ചത്. ഇതാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ചത്.

തിങ്കളാഴ്ച മന്ത്രിസഭ അംഗീകരിച്ച ഓർഡിനൻസ് കഴിഞ്ഞ ദിവസം രാജ്ഭവനിൽ എത്തിയിരുന്നു. തുടർന്നാണ് നയപരമായ തീരുമാനമടങ്ങിയ ഓർഡിനൻസിൽ തെരഞ്ഞെടുപ്പു കമ്മീഷൻറെ അനുമതി തേടണമെന്നു ഗവർണർ നിർദേശിച്ചത്.

ഓർഡിനൻസ് ഗവർണർ ഒപ്പിടുന്നതിനായി പതിവു മന്ത്രിസഭായോഗവും വെള്ളിയാഴ്ചയിലേക്കു മാറ്റിയിരുന്നു. ജൂൺ 10നു നിയമസഭാ സമ്മേളനം ആരംഭിക്കാനുള്ള ഫയൽ മന്ത്രിസഭ പരിഗണിക്കാൻ ഇരിക്കുന്ന സാഹചര്യത്തിലാണ് മന്ത്രിസഭായോഗത്തിൻറെ തീയതി നീട്ടിയത്.

നിയമസഭാ സമ്മേളനത്തിന് ഗവർണറോടു മന്ത്രിസഭ ശിപാർശ ചെയ്തു കഴിഞ്ഞാൽ പിന്നീട് ഓർഡിനൻസുകൾ അംഗീകരിക്കാൻ നിയമപരമായി കഴിയില്ല. ഈ സാഹചര്യത്തിലാണ് മന്ത്രിസഭ നീട്ടിവച്ചത്.

ഓർഡിനൻസ് വിജ്ഞാപനം ഇറങ്ങിയ ശേഷമേ നിയമസഭാ സമ്മേളനവും തുടങ്ങാനാവൂ എന്ന പ്രതിസന്ധിയാണ് സർക്കാരും നേരിടുന്നത്. അല്ലെങ്കിൽ നിയമസഭാ സമ്മേളന തീയതി അടുത്ത ആഴ്ചയിലേക്കു മാറ്റേണ്ടിവരും.

ഓർഡിനൻസ് ഉപേക്ഷിച്ച് നിയമസഭാ സമ്മേളനത്തിൽ ബില്ലായി കൊണ്ടുവരിക മാത്രമാണ് സർക്കാരിനു മുന്നിലുള്ള മാർഗം. ജൂൺ നാലിനാണ് വോട്ടെണ്ണൽ എങ്കിലും ആറുവരെയാണ് തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലവിലുള്ളത്.

# ചക്രവാതച്ചുഴിയും തീവ്രന്യൂനമർദവും; അടുത്ത അഞ്ചുദിവസം മഴ കനക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചുദിവസം മഴ കനക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്. തെക്കൻ കേരളത്തിന് മുകളിലായി ചക്രവാതച്ചുഴി നിലനിൽക്കുന്നുണ്ട്.

ഇതിൻറെ ഫലമായി കേരളത്തിൽ അടുത്ത അഞ്ചുദിവസം ഇടിയോടുകൂടിയ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ട്.

ഇന്നും വെള്ളിയാഴ്ചയും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തമായ മഴയ്ക്കും ശനിയാഴ്ച വരെ ശക്തമായ മഴക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും സമീപ തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി ന്യൂനമർദം നിലനിൽക്കുന്നു. വടക്കുകിഴക്ക് ദിശയിൽ സഞ്ചരിക്കുന്ന ന്യൂനമർദം വെള്ളിയാഴ്ചയോടെ മധ്യ ബംഗാൾ ഉൾക്കടലിൽ തീവ്രന്യൂനമർദമായും ശക്തിപ്രാപിക്കാൻ സാധ്യതയുണ്ട്.

തുടർന്ന് വടക്കുകിഴക്കു ദിശയിൽ സഞ്ചരിച്ചു വീണ്ടും ശക്തിപ്രാപിച്ചു വടക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിൽ എത്തിച്ചേരാൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അതേസമയം, സംസ്ഥാനത്ത് വീണ്ടും മഴ മുന്നറിയിപ്പിൽ മാറ്റമുണ്ട്. തീവ്രമഴ കണക്കിലെടുത്ത് രണ്ടു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് റെഡ് അലർട്ട് പ്രഖ്യാപിച്ചു. എട്ടു ജില്ലകളിൽ ഓറഞ്ച് അലർട്ടും നാലു ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം, തൃശൂർ ജില്ലകളിലാണ് ഇന്ന് റെഡ് അലർട്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ അതിതീവ്രമായ മഴക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

## 70 അടി ആഴമുള്ള കിണറ്റിൽവീണ യുവതിയെ രക്ഷപ്പെടുത്തി

വെഞ്ഞാറമൂട്: 70 അടി ആഴമുള്ള കിണറ്റിൽ വീണ യുവതിയെ ഫയർഫോഴ്സ് എത്തി രക്ഷപ്പെടുത്തി. തട്ടത്തുമല പഴയകുന്നുമേൽ പഞ്ചായത്തിൽ ലക്ഷം വീട് കോളനിയിലെ കിണറിൽ വീണ അനു (20)എന്ന യുവതിയെയാണ് വെഞ്ഞാറമൂട് അഗ്നിരക്ഷാനിലയത്തിലെ അസിസ്റ്റൻറ് സ്റ്റേഷൻ ഓഫീസർ അനിൽകുമാറിൻറെ നേതൃത്വത്തിൽ ഫയർ ആൻഡ് റെസ് ക്യൂ ഓഫീസർ ആർ. രഞ്ജിത് റോപ്, നെറ്റ് എന്നിവയുടെ സഹായത്താൽ കിണറിലിറങ്ങി രക്ഷപ്പെടുത്തിയത്.

തുടർന്ന് സിപിആർ നൽകി ആംബുലൻസിൽ സമീപത്തെ ആശുപത്രിയിൽ എത്തിച്ചു. ഇന്നലെ പുലർച്ചെയായിരുന്നു അപകടം. വെള്ളം കോരുന്നതിനിടെ കാൽ തെന്നി കിണറ്റിൽ വീഴുകയായിരുന്നു. നാട്ടുകാർ വിവരം അറിയിച്ചതിനെ തുടർന്ന് വെഞ്ഞാറമൂട് ഫയർ ഫോഴ്സ് സ്ഥലത്ത് എത്തുകയായിരുന്നു.

ഗ്രേഡ് എസ്എഫ്ആർഒ ഗിരീഷ് കുമാർ, റോഷൻ രാജ്, നജിമോൻ, അരുൺ വിനേഷ് കുമാർ, സജിത്ത് കുമാർ, ഹാഷിർ, സനിൽ, അനീഷ്കുമാർ, സജി എന്നിവർ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തു.

## പി. ഭാസ്കരൻറെ രചനകളുടെ മുഖമുദ്ര മലയാളിത്തം: കെ. ജയകുമാർ

തിരുവനന്തപുരം: മലയാളിത്തം മുഖ മുദ്രയാക്കിയതാണ് പി. ഭാസ്കരൻറെ രചനകളുടെ പ്രത്യേകയെന്നു ഗാനരചയിതാവും, മുൻ ചീഫ് സെക്രട്ടറിയുമായ കെ. ജയകുമാർ.ഗായകരായ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ പാട്ടുകൂട്ടം സംഘടിപ്പിച്ച പി. ഭാസ്കരൻ അനുസ്മരണം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. 'എൻ പ്രിയ നായകനെ എന്തു വിളിക്കും' എന്നുചിന്തിക്കുന്ന അന്നത്തെ നായിക ഇന്നത്തെ തലമുറക്ക് അൽഭുതമാണ്. കാലവും രീതികളും കഥകളും മാറി, പാട്ടിൻറെ വരികളും അതനുസരിച്ച് മാറി.

തങ്ങളുടെ തലമുറയിൽ പെട്ടവർക്ക് ഓർക്കാനും പാടാനും ഒട്ടനവധി പാട്ടുകളുണ്ട്, എന്നാൽ ഇന്നത്തെ സിനിമകളിൽ അത് അപൂർവമാണെന്നും സിനിമാ ഗാനരചയിതാവ് കൂടിയായ കെ. ജയകുമാർ പറഞ്ഞു.

പട്ടുകൂട്ടം ഇരുന്നൂറ് പരിപാടികൾ പൂർത്തിയക്കിയത്തിൻറെ ഓർമ പുസ്തകം കെ. ജയകുമാറും പിന്നണി ഗായിക ഭാവനരാധാ കൃഷ്ണനും ചേർന്നു പ്രകാശനം ചെ യ്തു. പാട്ടുകൂട്ടം മുഖ്യസംഘാടകൻ മുൻ ജോയിൻറ് സെക്രട്ടറി പി. ജി. ഗോകുലദാസ് ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് പി. ഭാസ്കരൻ രചിച്ച സിനിമാ ഗാനങ്ങളുടെ ആലാപനവും നടന്നു.

# പട്ടിക ജാതി വികസന വകുപ്പ് വാർഷിക പദ്ധതി മന്ത്രി അവലോകനം ചെയ്തു

പട്ടിക ജാതി വികസന വകുപ്പ് വാർഷിക പദ്ധതി പട്ടിക ജാതി പട്ടിക വർഗ വികസന ക്ഷേമ ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ അവലോകനം ചെയ്തു. സെക്രട്ടറിയേറ്റിലെ ലയം ഹാളിൽ നടന്ന യോഗത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങളും ഈ വർഷത്തിൽ ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങളും മന്ത്രി വിലയിരുത്തി.

പരമ്പരാഗത പദ്ധതി നിർവഹണ രീതികൾക്കപ്പുറം പുതിയ കാര്യങ്ങളെയുൾക്കൊള്ളാൻ നിർവഹണ ഉദ്യോഗസ്ഥർ തയ്യാറാകണമെന്ന് മന്ത്രി നിർദേശിച്ചു. ജില്ലാ ബ്ലോക്ക് അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പരിശോധിച്ച് അവലോകനം ചെയ്യണം. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മെച്ചപ്പെട്ട ജീവിതം നൽകുന്നതിനും സമൂഹത്തിന്റെ താഴേത്തട്ടിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയു ചെയ്യണം.

സ്വയം പര്യാപ്തതയിലേക്കെത്തിക്കാൻ കഴിയുന്ന അറിവു നൈപുണ്യവുമാണ് പട്ടിക ജാതി വിഭാഗങ്ങൾക്ക് നൽകേണ്ടത്. കാർഷിക, വെറ്ററിനറി യൂണിവേഴ്സിറ്റികൾ വിവിധ കോഴ്സുകൾ ഇത്തരത്തിൽ ആരംഭിക്കാൻ സന്നദ്ധമായിട്ടുണ്ട്.

വിദേശ സർവകലാശാലകളിലെ പഠന സൗകര്യമൊരുക്കൽ, സ്കൂളുകളിലെ പഠന മുറികൾ എന്നീ പട്ടിക ജാതി വകുപ്പ് മാതൃകപരമായി നടത്തിയ പ്രവർത്തനങ്ങൾ തുടരണം. മോഡൽ സ്കൂളുകളിലെ വിജയശതമാനം വിലയിരുത്തി തുടർ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ച നടത്തി. പ്രൊമോട്ടർമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സർവ്വേ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം മന്ത്രി യോഗത്തിൽ അറിയിച്ചു. മണ്ഡലാടിസ്ഥാനത്തിൽ എംഎൽഎ മാരുടെ നേതൃത്വത്തിൽ അവലോകന യോഗം ചേരണമെന്നും ഉന്നതിക്ലബിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പരമാവധി പ്രചാരണം നൽകണമെന്നും മന്ത്രി നിർദേശിച്ചു അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, പട്ടികജാതി വികസന വകുപ്പ് സംസ്ഥാന ജില്ല ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



പട്ടിക ജാതി വികസന വകുപ്പ് വാർഷിക പദ്ധതി അവലോകന യോഗത്തിൽ മന്ത്രി കെ രാധാകൃഷ്ണൻ സംസാരിക്കുന്നു

# ഗസ്റ്റ് അധ്യാപകരുടെ അഭിമുഖം

നെയ്യാറ്റിൻകര, കുളത്തൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളജിൽ ഇംഗ്ലീഷ്, ജേർണലിസം, മലയാളം, ഹിന്ദി, ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ബയോകെമിസ്ട്രി, കെമിസ്ട്രി, സുവോളജി എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്. കൊല്ലം കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ഗസ്റ്റ് അധ്യാപക പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ ഉദ്യോഗാർഥികൾ മേയ് 27, 28, 29, 30 തീയതികളിൽ കോളജിൽ നടത്തുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്.

27.05.2024 സ്റ്റാറ്റിസ്റ്റിക്സ്, ജിയോളജി (രാവിലെ 11 മണിയ്ക്ക്)

28.05.2024 സുവോളജി (രാവിലെ 10 മണിയ്ക്ക്), ഇംഗ്ലീഷ്, ജേർണലിസം (രാവിലെ 11.30 മണിയ്ക്ക്), കെമിസ്ട്രി (ഉച്ചയ്ക്ക് 2 മണിയ്ക്ക്)

29.05.2024 ഹിന്ദി (രാവിലെ 10.30 മണി), മലയാളം (ഉച്ചയ്ക്ക് 2 മണിയ്ക്ക്)

30.05.2024 ബയോകെമിസ്ട്രി (രാവിലെ 11 മണിയ്ക്ക്)



ഗിഗ് - പ്ലാറ്റ്ഫോം തൊഴിലാളികളുടെ തൊഴിൽ, സാമൂഹ്യ സാഹചര്യങ്ങളും സാമൂഹിക സുരക്ഷയും മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച പഠന ശുപാർശകൾ കിലെ ചെയർമാൻ കെ.എൻ. ഗോപിനാഥ് തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിക്കു കൈമാറുന്നു

# അപകട സാധ്യത കണക്കിലെടുത്ത് സുരക്ഷാ നിർദേശം പാലിക്കണം: കളക്ടർ

കൊല്ലം: കാലാവസ്ഥ വകുപ്പിൻറെ യെല്ലോ അലർട്ട് നിർദേശം ലഭിച്ച സാഹചര്യത്തിൽ ജനങ്ങൾ സുരക്ഷാ നിർദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കണമെന്ന് ജില്ലാ ദുരന്ത നിവാരണ അഥോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ എൻ. ദേവിദാസ് അറിയിച്ചു.25 വരെ ജില്ലയിൽ യെല്ലോ അലർട്ട് ഉള്ളതിനാൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത തുടരും.കുറഞ്ഞ സമയം കൊണ്ട് വലിയ മഴയുണ്ടാകുന്ന രീതി മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും സൃഷ്ടിക്കും.

മഴ തുടരുന്ന സാഹചര്യത്തിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യതയുണ്ട്. ഇതിനാൽ ജാഗ്രത നിർദേശങ്ങൾ ജനങ്ങൾ പാലിക്കണം. മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണം. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ നിർദേശാനുസരണം ക്യാമ്പുകളിലേക്ക് മാറണമെന്നും കളക്ടർ നിർദേശിച്ചു. ശക്തമായ കാറ്റിനു സാധ്യതയുള്ളതിനാൽ അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും പ്രത്യേക ജാഗ്രത പാലിക്കണം. ആവശ്യമെങ്കിൽ അധികൃതരുമായി ബന്ധപ്പെട്ട് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറണം. സ്വകാര്യ പൊതു ഇടങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ, പോസ്റ്റുകൾ, ബോർഡുകൾ, മതിലുകൾ തുടങ്ങിയവ സുരക്ഷിതമാണെന്ന് ഉറപ്പാക്കണം. അപകടാവസ്ഥയിൽ ഉള്ള മരച്ചില്ലകൾ വെട്ടി ഒതുക്കണം. തീരപ്രദേശത്ത് കടലാക്രമണ സാധ്യതകണക്കിലെടുത്ത് അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. മൽസ്യബന്ധനോപാധികൾ സുരക്ഷിതമാക്കി വെക്കണം.

മഴ സമയങ്ങളിൽ ജലാശയങ്ങൾക്ക് സമീപം പോകാനോ ഇറങ്ങുവാനോ പാടില്ല. വെള്ളച്ചാട്ടങ്ങൾ, ജലാശയങ്ങൾ, മലയോര മേഖലകൾ എന്നിവിടങ്ങളിലേക്കുള്ള വിനോദ യാത്രകൾ ഒഴിവാക്കണം. അറ്റകുറ്റ പണികൾ നടക്കുന്ന റോഡുകളിലും ജാഗ്രത പാലിക്കുക. മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം ഒഴിവാക്കുക. ജലാശയങ്ങൾക്ക് മുകളിലെ മേൽപ്പാലങ്ങളിൽ കയറി കാഴ്ച കാണുകയോ സെൽഫി എടുക്കുകയോ കൂട്ടം കൂടി നിൽക്കുകയോ ചെയ്യരുതെന്നും കളക്ടർ അറിയിപ്പിൽ പറയുന്നു.

വൈദ്യതി ലൈനുകൾ പൊട്ടി വീണുള്ള അപകട സാധ്യത മുന്നിൽകണ്ട് ഇടവഴികളിലേയും നടപ്പാതകളിലേയും വെള്ളക്കെട്ടുകളിൽ ഇറങ്ങുന്നതിന് മുന്നേ വൈദ്യുതി അപകട സാധ്യത ഇല്ല എന്ന് ഉറപ്പാക്കണം. വൈദ്യുതി ലൈനുകളുടെ അപകട സാധ്യത ശ്രദ്ധയിൽ പെട്ടാൽ 1056 എന്ന നമ്പറിൽ അറിയിക്കണം.അപകട സാധ്യത മുന്നിൽ കാണുന്ന ഘട്ടത്തിലും സഹായങ്ങൾക്കുമായി 1077,1070 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം എന്നും കളക്ടർ അറിയിച്ചു.

## മൂന്നാറിൽ വീണ്ടും കടുവയുടെ ആക്രമണം; രണ്ട് പശുക്കൾ ചത്തു, പ്രതിഷേധവുമായി നാട്ടുകാർ

ഇടുക്കി: മൂന്നാറിൽ ജനവാസമേഖലയിലിറങ്ങിയ കടുവ രണ്ടു പശുക്കളെ കടിച്ചുകൊന്നു. പെരിയവരൈ ലോവർ ഡിവിഷനിലാണ് കടുവയെത്തിയത്. പ്രദേശവാസിയായ നേശമ്മാളിൻറെ പശുക്കളാണ് ആക്രമണത്തിനിരയായത്. ഇതു രണ്ടാംതവണയാണ് കടുവയെ ഈ പ്രദേശത്ത് കണ്ടെത്തുന്നത്. പ്രദേശത്ത് മൂന്ന് കടുവകളുടെ സാന്നിധ്യമുള്ളതായി നാട്ടുകാർ പറയുന്നു. വന്യമൃഗങ്ങൾ സ്ഥിരമായി മൂന്നാറിലെ തോട്ടം മേഖലകളിലെത്തി വളർത്തുമൃഗങ്ങളെ ആക്രമിച്ചിട്ടും പ്രശ്നപരിഹാരത്തിനു നടപടിയുണ്ടാകുന്നില്ലെന്ന് ആരോപിച്ച് നാട്ടുകാർ പ്രതിഷേധം ശക്തമാക്കിയിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ നൂറിലധികം പശുക്കളാണ് വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായത്. അതേസമയം, കടുവയെ കണ്ടെത്തി പിടികൂടാനുള്ള ശ്രമത്തിലാണ് വനംവകുപ്പ്.

## സ്വർണവിലയിൽ വൻ ഇടിവ്; ഒറ്റയടിക്ക് കുറഞ്ഞത് 800 രൂപ

കൊച്ചി: സംസ്ഥാനത്ത് റിക്കാർഡുകൾ ഭേദിച്ച് മുന്നേറിയ സ്വർണവിലയിൽ വൻ ഇടിവ്. ഇന്ന് ഗ്രാമിന് 100 രൂപയും പവന് 800 രൂപയുമാണ് കുറഞ്ഞത്. ഇതോടെ സ്വർണവില ഗ്രാമിന് 6,730 രൂപയിലും പവന് 53,840 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. 18 കാരറ്റ് സ്വർണവില ഗ്രാമിന് 90 രൂപ കുറഞ്ഞ് 5,600 രൂപയിലെത്തി.

തിങ്കളാഴ്ച 400 രൂപ ഉയർന്ന ശേഷം ചൊവ്വാഴ്ച പവന് 480 രൂപ കുറഞ്ഞിരുന്നു. ബുധനാഴ്ച വില മാറ്റമില്ലാതെ തുടരുകയാണുണ്ടായത്. ഇതോടെ മൂന്ന് ദിവസംകൊണ്ട് 1,280 രൂപയാണ് പവനു കുറഞ്ഞത്.

അന്താരാഷ്ട്രവിപണിയിലെ ചാഞ്ചാട്ടങ്ങളാണ് ആഭ്യന്തരവിപണിയിലും പ്രതിഫലിക്കുന്നത്. അന്താരാഷ്ട്ര സ്വർണവില 2370 ഡോളറും രൂപയുടെ വിനിമയ നിരക്ക് 83.26 ഉമാണ്.

അതേസമയം, വെള്ളിയുടെ വിലയും കുറഞ്ഞിട്ടുണ്ട്. മൂന്ന് രൂപ കുറഞ്ഞു. ഒരു ഗ്രാം സാധാരണ വെള്ളിയുടെ വിപണി വില 97 രൂപയാണ്.

## ബാറിലെ സംഘർഷം: യുവാവിനെ ആക്രമിച്ച ബാർ ജീവനക്കാർ അറസ്റ്റിൽ

കോട്ടയം: ബാറിനുള്ളിൽ യുവാക്കളുമായുണ്ടായ വാക്കുതർക്കത്തെത്തുടർന്നുള്ള സംഘർഷത്തിൽ യുവാവിനെ ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ബാർ ജീവനക്കാരായ മൂന്നു പേരെ പോലീസ് അറസ്റ്റു ചെയ്തു. ഇടുക്കി കരുണാപുരം കൊച്ചുപ്ലാമൂട് കാനത്തിൽ കെ. ആർ. രാഹുൽ (36), ആലപ്പുഴ വെളിയനാട് മാവേലിൽ എം. പി. രതീഷ് (40), കൂരോപ്പട ളാക്കാട്ടൂർ അച്ചൻപടി പടിഞ്ഞാറേക്കുറ്റ് ബോബി ജേക്കബ് (41) എന്നിവരെയാണ് കോട്ടയം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞദിവസം രാത്രി 10. 30ന് അയ്മനം സ്വദേശിയായ യുവാവും സുഹൃത്തുക്കളും കുടയംപടിയിലെ ബാറിൽ മദ്യപിക്കാനെത്തുകയും അവിടെവച്ച് ബാറിലെ ഗ്ലാസ് ഇവർ പൊട്ടിച്ചതുമായി ബന്ധപ്പെട്ട് ജീവനക്കാരുമായി വാക്കുതർക്കമുണ്ടാവുകയും ചെയ്തു. തുടർന്ന് ജീവനക്കാർ ഇവരെ ബിയർ കുപ്പികളും മറ്റും ഉപയോഗിച്ച് ആക്രമിച്ചു. സംഭവത്തിൽ അയ്മനം സ്വദേശിയായ യുവാവിന് ഗുരുതരമായ പരിക്കേറ്റു. പരാതിയെത്തുടർന്ന് വെസ്റ്റ് പോലീസ് കേസെടുക്കുകയും പ്രതികളെ പിടികൂടുകയുമായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു. മറ്റു പ്രതികൾക്കായി തെരച്ചിൽ ശക്തമാക്കി.

## കനത്ത മഴ: മലങ്കര ഡാമിൻറെ നാലു ഷട്ടറുകൾ തുറന്നു

തൊടുപുഴ: കനത്ത മഴയിൽ ജല നിരപ്പുയർന്നതിനെ തുടർന്ന് മലങ്കര ഡാമിൻറെ നാലു ഷട്ടറുകൾ തുറന്നു. രണ്ട്, നാല്, അഞ്ച്, ആറ് ഷട്ടറുകളാണ് തുറന്നത്. കഴിഞ്ഞ ദിവസം രണ്ടു ഷട്ടറുകൾ തുറന്ന് വെള്ളം പുറത്തേക്കൊഴുക്കിയിരുന്നു. ഡാമിൽ ജലനിരപ്പുയർന്നതിനെത്തുടർന്നാണ് കൂടുതൽ ഷട്ടറുകൾ തുറന്നത്.

തൊടുപുഴയാറിൻറെയും മൂവാറ്റുപുഴയാറിൻറെയും തീരങ്ങളിൽ താമസിക്കുന്നവർക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. 42 മീറ്ററാണ് മലങ്കര ഡാമിൻറെ പരമാവധി സംഭരണ ശേഷി. നിലവിൽ 40. 50 മീറ്ററാണ് ഡാമിലെ ജലനിരപ്പ്. മഴ ശക്തിപ്പെട്ടതും മലങ്കര പവർഹൗസിൽ വൈദ്യുതോത്പാദനം കൂട്ടിയതുമാണ് ഇപ്പോൾ ജലനിരപ്പുയരാൻ കാരണം.

എന്നാൽ ജലനിരപ്പ് ബ്ലൂ ലെവലിലും താഴെയാണെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എംവിഐപി അധികൃതർ അറിയിച്ചു.

## കോട്ടയത്ത് മീൻപിടിക്കാൻ പോയ യുവാവ് തോട്ടിൽ വീണു മരിച്ചു

കോട്ടയം: ഓണംതുരുത്ത് പാടശേഖരത്ത് മീൻ പിടിക്കാൻ പോയ യുവാവ് വയലിനു സമീപമുള്ള തോട്ടിൽ കാൽവഴുതിവീണു മരിച്ചു. ഓണംതുരുത്ത് മുട്ടത്തിൽ വിമോദ് (42) ആണു മരിച്ചത്. ബുധനാഴ്ച രാത്രി 11നു ആ!യിരുന്നു സംഭവം. സുഹൃത്തക്കളോടൊപ്പം മീൻപിടിക്കാൻ പോയി തിരിച്ചുവരുമ്പോൾ വയലിലെ വെള്ളക്കെട്ടിലേക്കു കാൽവഴുതി വീഴുകയായിരുന്നു. രാത്രിതന്നെ ഫയർഫോഴ്സ് തെരച്ചിൽ നടത്തിയെങ്കിലും മൃതദേഹം കണ്ടുകിട്ടിയില്ല. ഇന്നു രാവിലെ നാട്ടുകാർ നടത്തിയ തിരച്ചിലിലാണു മൃതദേഹം കണ്ടെത്തിയത്. സംസ്കാരം ഇന്ന് വൈകുന്നേരം അഞ്ചിനു വീട്ടുവളപ്പിൽ. അച്ഛൻ: മുരളീധരൻ നായർ. അമ്മ: രാജമ്മ.

# ദുരിതംവിതച്ച് മഴ; നഗരങ്ങളിൽ വെള്ളക്കെട്ട്, പരക്കെ നാശനഷ്ടം

കൊച്ചി: സംസ്ഥാനത്ത് മഴ കനത്തതോടെ പരക്കെ നാശനഷ്ടം. ചൊവ്വാഴ്ച രാത്രി മുതൽ നിർത്താതെ പെയ്യുന്ന മഴ വിവിധ ജില്ലകളിൽ ദുരിതം വിതയ്ക്കുകയാണ്.

കനത്ത മഴയിൽ തൃശൂർ നഗരത്തിലും സമീപ പ്രദേശങ്ങളിലും അപ്രതീക്ഷിതമായി കനത്ത വെള്ളക്കെട്ടാണുണ്ടായത്. പ്രധാന റോഡുകളിലും കടകളിലും പ്രധാന മാർക്കറ്റുകളിലും വെള്ളം കയറി. ഇരുചക്ര വാഹനങ്ങൾ ഒലിച്ചു പോയി. ഗുരുവായൂർ ക്ഷേത്രം തെക്കേ നടപ്പുരയിൽ വെള്ളം കയറി.

ജില്ലയിൽ ഏഴു വീടുകൾ ഭാഗികമായി തകർന്നു. തൃശൂർ റെയിൽവേ സ്റ്റേഷനിലും വെള്ളക്കെട്ടനുഭവപ്പെട്ടു. പലയിടത്തും ഓടകൾ നിറഞ്ഞൊഴുകി. സ്വരാജ് റൗണ്ട്, ശക്തൻ വടക്കേ സ്റ്റാൻഡ് പരിസരം, ശങ്കരയ്യ റോഡ് ഇറക്കം, എംജി റോഡ്, അയ്യന്തോൾ, ചക്കാമുക്ക്, പൂങ്കുന്നം, ഇക്കണ്ടവാര്യർ റോഡ് തുടങ്ങി നഗരത്തോടു ചേർന്നുള്ള താഴ്ന്ന പ്രദേശങ്ങളിലും വെള്ളം കയറി.

നഗരത്തിലെ കാനകളിൽനിന്നു വെള്ളം സ്ലാബുകൾക്കിടയിലൂടെ പുറത്തേക്കു തള്ളിയതോടെ കടകൾക്കുള്ളിലേക്ക് വെള്ളമെത്തി. തൃശൂർ അശ്വിനി ആശുപത്രിയിലെ കാഷ്വാൽറ്റിയിലടക്കം വെള്ളം കയറി ആശുപത്രിയുടെ പ്രവർത്തനം തന്നെ തടസപ്പെട്ടിരുന്നു.

തൃശൂർ കോഴിക്കോട് ദേശീയപാതയിൽ കാക്കഞ്ചേരി സ്പിന്നിംഗ് മില്ലിന് സമീപം മണ്ണിടിച്ചിലുണ്ടായി. ഇന്ന് പുലർച്ചയാണ് മണ്ണിടിച്ചിൽ ഉണ്ടായത്. തുടർന്ന് മണ്ണ് മാറ്റി ഗതാഗതം പുനഃസ്ഥാപിച്ചു. തൃശൂർ ചേറ്റുപുഴ റോഡിൽ പുലർച്ചെ നാലിന് റോഡിനു കുറുകെ 11 കെവി ലൈനിനു മുകളിലേക്ക് വലിയ മാവ് കടപുഴകി വീണു. കിഴക്കെ കോട്ടയിൽ ബിഷപ് ഹൗസിന് സമീപം മതിൽ തകർന്നു. കൊച്ചിയിൽ കടവന്ത്ര, സൗത്ത്, ചിറ്റൂർ റോഡ്, എംജി റോഡ് എന്നിവിടങ്ങളിൽ വെള്ളക്കെട്ടുണ്ടായി. കെഎസ്ആർടിസി സ്റ്റാൻഡ് പരിസരത്തെ കടകളിൽ വെള്ളം കയറി. കളമശേരി മൂലേപ്പാടത്തും ഇടക്കൊച്ചിയിലും വീടുകളിൽ വെള്ളം കയറി. ഇൻഫോ പാർക്കിലെ വെള്ളക്കെട്ടിൽ പാർക്ക് ചെയ്ത വാഹനങ്ങൾ മുങ്ങി.

കാസർഗോഡ് കുമ്പള പോലീസ് സ്റ്റേഷൻ കെട്ടിടത്തിൻറെ സീലിംഗിൻറെ ഒരു ഭാഗം അടർന്നുവീണു. രാത്രി 8: 30 യോടെയായിരുന്നു സംഭവത്തിൽ തലനാരിഴയ്ക്കാണ് പോലീസുകാർ രക്ഷപ്പെട്ടത്.

കനത്ത മഴയെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലെ വാർഡുകളിൽ വെള്ളം കയറി. മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെ താഴത്തെ നിലയിലെ വാർഡുകളിലാണ് വെള്ളം കയറിയത്. നാദാപുരം തൂണേരിയിൽ കനത്ത മഴയിൽ മതിൽ തകർന്നു. രാമനാട്ടുകരയിൽ ദേശീയപാതയിൽ മണ്ണിടിഞ്ഞു. പന്തീരാങ്കാവിൽ കൊടൽ നടക്കാവ് ദേശീയപാതയുടെ സർവീസ് റോഡ് തകർന്നു.

ഇടുക്കി വണ്ടിപ്പെരിയാർ ഇഞ്ചിക്കാട് എസ്റ്റേറ്റിലെ തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയത്തിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണു. ആർക്കും പരിക്കില്ല. പാലക്കാട് കല്ലടിക്കോട് ഇടിമിന്നലിൽ വീടിൻറെ മേൽക്കൂര പൂർണമായും കത്തി നശിച്ചു. സംഭവത്തിൽ ആർക്കും പരിക്കില്ല.

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ മലങ്കര ഡാമിൽ! നാല് ഷട്ടറുകൾ തുറന്നു. ഇതോടെ, തൊടുപുഴ, മൂവാറ്റുപുഴ ആറുകൾക്ക് തീരത്തുള്ളവർക്ക് അതീവ ജാഗ്രതാ നിർദേശം നല്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്കുള്ള സാധ്യത തുടരുകയാണ്. എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ് ഉണ്ട്. എറണാകുളം മുതൽ വയനാട് വരെയുള്ള ഏഴ് ജില്ലകളിൽ ഓറഞ്ച് അലർട്ടാണ്. മറ്റ് ജില്ലകളിൽ യെല്ലോ അലർട്ട് ഉണ്ട്.

# ഡോ.വന്ദനദാസ് കൊ ലപാതക കേസ്: കുറ്റപത്രത്തിൽ വാദം പൂർത്തിയായി

കൊല്ലം: കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കൊലചെയ്യപ്പെട്ട ഡോ. വന്ദനദാസ് കേസിൽ കുറ്റപത്രത്തിന്മേലുള്ള വാദം കൊല്ലം അഡീഷണൽ സെഷൻസ് ജഡ്ജി പി. എൻ. വിനോദ് മുമ്പാകെ പൂർത്തിയായി.

പ്രതിയെ കുറ്റവിമുക്തനാക്കണമെന്നുള്ള പ്രതിഭാഗം ഹർജിയെ എതിർത്ത് സ്പെഷൽ പ്രോസിക്യൂട്ടർ പ്രതാപ്. ജി. പടിക്കൽ, കൃത്യമായ ഉദ്ദേശത്തോടെയും തയാറെടുപ്പോടെയും പ്രതി നടത്തിയ നിഷ്ഠൂരമായ ആക്രമണമാണ് ഡോ. വന്ദനക്ക് നേരെയുണ്ടായതെന്ന് കോടതിയിൽ വാദിച്ചു. അതുകൊണ്ടു തന്നെ പ്രതിക്കെതിരെ കൊലപാതകവും, കൊലപാതക ശ്രമവുമുൾപ്പെടെയുള്ള വകുപ്പുകൾ നിലനില്ക്കുമെന്ന് പ്രോസിക്യൂഷൻ കോടതിയിൽ പറഞ്ഞു.

പ്രതിക്ക് മാനസിക രോഗമുള്ളതായ പ്രതിഭാഗം അഭിഭാഷകൻ ആളൂരിൻറെ വാദത്തെ ഖണ്ഡിച്ച് ഹോസ്പിറ്റലിലെ ഡ്രസിംഗ് റൂമിൽ മനഃപൂർവമായി ബഹളമുണ്ടാക്കി, ബഹളത്തിനിടയിൽ കത്രിക കൈക്കലാക്കി പ്രതി കൈകളിൽ ഒളിപ്പിച്ചുവച്ചതും, ആക്രമിക്കപ്പെട്ടവരുടെയെല്ലാം ശരീരത്തിലെ പ്രധാന ഭാഗങ്ങളിൽ പല തവണ മുറിവേൽപ്പിച്ചതും പ്രതിയുടെ ക്രൂരമായ ഉദ്ദേശത്തെ വെളിവാക്കുന്നതാണെന്ന് പ്രോസിക്യൂട്ടർ വാദിച്ചു.

വന്ദനയെ കൈകൾ പിടിച്ച് ബലമായി ഇരുത്തി ഇരുപത്തിയാറു തവണ നെഞ്ചത്തും മുഖത്തും മറ്റും കുത്തി പരിക്കേൽപ്പിച്ചു എന്നത് കൊലപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടെ തന്നെയുള്ള ആക്രമണമായിരുന്നു എന്നത് തെളിയിക്കുന്നതാണെന്നും പ്രോസിക്യൂഷൻ വാദിച്ചു.

അന്വേഷണ വേളയിൽ വിവരങ്ങൾ പോലീസ് മാധ്യമങ്ങളിൽ നല്കി എന്ന ആരോപണം പ്രതിഭാഗം കോടതിയിൽ ഉയർത്തി. എന്നാൽ സത്യസന്ധമായ കേസ് അന്വേഷണ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത് മാധ്യമ ധർമമാണെന്നും അതിനെ വിലക്കാൻ സാധിക്കുകയില്ലെന്നും പ്രോസിക്യൂട്ടർ കോടതിയിൽ വാദിച്ചു. ഹർജിയിൽ കോടതി 29ന് വിധി പറയും.

കേസിൽ പ്രോസിക്യൂഷന് വേണ്ടി സ്പെഷൽ പ്രോസിക്യൂട്ടർ അഡ്വ. പ്രതാപ്. ജി. പടിക്കലിനോടൊപ്പം അഭിഭാഷകരായ ശ്രീദേവി പ്രതാപ്, ശില്പ ശിവൻ, ഹരീഷ് കാട്ടൂർ എന്നിവരാണ് ഹാജരായത്.

# തൃശൂരിലെ വെള്ളക്കെട്ട്: കുളവാഴകളുമായി കോർപ്പറേഷനിലേക്ക് പ്രതിപക്ഷ പ്രതിഷേധം

തൃശൂർ: കനത്ത മഴയെ തുടർന്ന് തൃശൂർ നഗരത്തിൽ വെള്ളക്കെട്ട് രൂക്ഷമായതിനു പിന്നാലെ പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷ കൗൺസിലർമാർ. മേയറുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷ കൗൺസിലർമാർ കുളവാഴയുമായി കോർപ്പറേഷനിലേക്ക് പ്രതിഷേധമാർച്ച് നടത്തി.

വെള്ളക്കെട്ട് മനുഷ്യ നിർമ്മിതമാണെന്നും മഴക്കാല പൂർവപ്രവൃത്തി നടപ്പാക്കാത്ത കോർപ്പറേഷനാണ് ഇതിന് ഉത്തരവാദിയെന്നും പ്രതിപക്ഷം ആരോപിച്ചു. മാർച്ച് പോലീസ് തടഞ്ഞത് സംഘർഷത്തിൽ കലാശിച്ചു. പിന്നീട് പ്രതിഷേധക്കാരെ പോലീസ് നീക്കി.

കനത്ത മഴയിൽ നഗരം അപ്രതീക്ഷിത വെള്ളക്കെട്ടിൽ വലഞ്ഞതോടെ കളക്ടർ കോർപ്പറേഷൻ സെക്രട്ടറിയെ വിളിച്ചുവരുത്തി അതൃപ്തി അറിയിച്ചിരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ തോടുകൾ വൃത്തിയാക്കാൻ അദ്ദേഹം നിർദേശം നൽകി. തുടർന്ന് കാനകൾ വൃത്തിയാക്കുന്ന ജോലികൾ ആരംഭിച്ചു.

തൃശൂരിൽ താഴ്ന്ന പ്രദേശങ്ങളിൽ കനത്ത വെള്ളക്കെട്ടാണ് അനുഭവപ്പെടുന്നത്. ഏഴുവീടുകൾ ഭാഗികമായി തകർന്നു. പ്രധാന റോഡുകളിലും കടകളിലും പ്രധാന മാർക്കറ്റുകളിലും വെള്ളം കയറി. ഇരുചക്ര വാഹനങ്ങൾ ഒലിച്ചു പോയി. ഗുരുവായൂർ ക്ഷേത്രം തെക്കേ നടപ്പുരയിൽ വെള്ളം കയറി.

തൃശൂർ റെയിൽവേ സ്റ്റേഷനിലും വെള്ളക്കെട്ടനുഭവപ്പെട്ടു. പലയിടത്തും ഓടകൾ നിറഞ്ഞൊഴുകി. സ്വരാജ് റൗണ്ട്, ശക്തൻ വടക്കേ സ്റ്റാൻഡ് പരിസരം, ശങ്കരയ്യ റോഡ് ഇറക്കം, എംജി റോഡ്, അയ്യന്തോൾ, ചക്കാമുക്ക്, പൂങ്കുന്നം, ഇക്കണ്ടവാര്യർ റോഡ് തുടങ്ങി നഗരത്തോടു ചേർന്നുള്ള താഴ്ന്ന പ്രദേശങ്ങളിലും വെള്ളം കയറി.

നഗരത്തിലെ കാനകളിൽനിന്നു വെള്ളം സ്ലാബുകൾക്കിടയിലൂടെ പുറത്തേക്കു തള്ളിയതോടെ കടകൾക്കുള്ളിലേക്ക് വെള്ളമെത്തി. തൃശൂർ അശ്വിനി ആശുപത്രിയിലെ കാഷ്വാൽറ്റിയിലടക്കം വെള്ളം കയറി ആശുപത്രിയുടെ പ്രവർത്തനം തന്നെ തടസപ്പെട്ടിരുന്നു.



പട്ടിക വർഗ വികസന വകുപ്പ് വാർഷിക പദ്ധതി അവലോകന യോഗത്തിൽ മന്ത്രി കെ രാധാകൃഷ്ണൻ സംസാരിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# നാടിനെ ഞെട്ടിച്ച് വീണ്ടും മോഷണം

പയ്യന്നൂർ: വീട് കുത്തിത്തുറന്ന് അലമാരയിൽ സൂക്ഷിച്ച 76 പവൻ സ്വർണാഭരണങ്ങളും നാലായിരം രൂപയും കവർന്നു. പയ്യന്നൂർ പെരുമ്പ കൃഷ്ണാ ട്രേഡേഴ്സിന് സമീപം റഫീഖ് മൻസിലിൽ സുഹ്റയുടെ വീട്ടിലാണ് നാടിനെ ഞെട്ടിച്ച കവർച്ച അരങ്ങേറിയത്. വീട്ടുകാർ വീടിൻറെ മുകൾനിലയിൽ ഉറങ്ങുമ്പോഴായിരുന്നു താഴത്തെനിലയിൽ കവർച്ച. സുഹ്റയുടെ മകൾ സാജിതയുടെ പരാതിയിൽ കേസെടുത്ത പോലീസ് അന്വേഷണമാരംഭിച്ചു.

ഇന്നലെ രാവിലെ ആറേകാലോടെ ഉണർന്നെഴുന്നേറ്റ വീട്ടുകാരാണ് വീടിൻറെ മുൻ വാതിൽ കുത്തിപ്പൊളിച്ച നിലയിൽ കണ്ടത്. അകത്തെ രണ്ട് മുറികളിലെ അലമാരകൾ തുറന്നുകിടക്കുന്ന നിലയിലായിരുന്നു. രണ്ടുമുറികളിലെ അലമാരകളിലായി സുഹ്റയുടെ മക്കൾ സൂക്ഷിച്ചിരുന്ന സ്വർണാഭരണങ്ങളും പണവുമാണ് നഷ്ടപ്പെട്ടത്. അലമാരകളിലെ സാധനങ്ങൾ വാരിവലിച്ചിട്ട നിലയിലായിരുന്നു. സുഹറയും ഭർത്താവ് ആമുവും കണ്ണൂർ ഗവ. മെഡിക്കൽ കോളജിൽ ചികിത്സയ്ക്കായി പോയിരുന്നതിനാൽ സംഭവ സമയത്ത് വീട്ടിലില്ലായിരുന്നു. സുഹ്റയുടെ മകൻ റഫീഖും മകൾ ഹസീനയും ഗൾഫിലാണുള്ളത്. അടുത്തനാളിൽ ഗൾഫിൽ നിന്നെത്തിയ മറ്റൊരു മകളായ സാജിതയും റഫീഖിൻറെ മക്കളും വീടിൻറെ മുകൾനിലയിൽ ഉറങ്ങുന്നുണ്ടായിരുന്നു.

വാതിൽ കുത്തിത്തുറക്കാൻ ഉപയോഗിച്ചതെന്ന് കരുതുന്ന കമ്പിപ്പാര മോഷണം നടന്ന മുറിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. മോഷണം നടന്ന മുറിയിൽനിന്ന് ഒരു വെട്ടുകത്തിയും കണ്ടെത്തിയിട്ടുണ്ട്. അലമാരകളിൽ സൂക്ഷിച്ചിരുന്ന ബാങ്ക് പാസ്ബുക്കും മറ്റു രേഖകളും വീട്ടുപറമ്പിൽ തന്നെ പരിശോധനയ്ക്കു ശേഷം ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. കണ്ണൂരിൽ നിന്നെത്തിയ വിരലടയാള വിദഗ്ധരും ഡോഗ് സ്ക്വാഡും സംഭവ സ്ഥലത്തെത്തി പരിശോധന നടത്തി.

മോഷണം നടന്ന വീട്ടിൽ നിന്ന് മണം പിടിച്ച ലോലി എന്ന പോലീസ് നായ ഇടവഴിയിലൂടെ ഓടിക്കയറിയത് ദേശീയപാതയിലേക്കാണ്. ഇതേ തുടർന്ന് സമീപത്തെ സ്ഥാപനത്തിലെ നിരീക്ഷണ കാമറ പരിശോധിച്ചപ്പോൾ പുലർച്ചെ രണ്ടേകാലിനും നാലരയ്ക്കുമിടയിൽ ഒരേ വ്യക്തി അഞ്ച് പ്രാവശ്യം ഇതിലൂടെ പോകുന്നതായി കണ്ടെത്തി.

***കണ്ടോത്തും മോഷണശ്രമം***

പയ്യന്നൂർ: കണ്ടോത്ത് പൂട്ടിക്കിടന്ന വീട്ടിലും മോഷണശ്രമം. കാങ്കോൽ വെസ്റ്റ്കോസ്റ്റ് കമ്പനി ജീവനക്കാരൻ കണ്ടോത്ത് പാട്യത്തെ പീടിയക്കൽ ഡൊമിനിക്കിൻറെ പൂട്ടിയിട്ട വീട്ടിലാണ് മോഷണ ശ്രമമുണ്ടായത്. കുടുംബത്തോടൊപ്പം കഴിഞ്ഞ വെള്ളിയാഴ്ച കോട്ടയത്തേക്ക് പോയ ഇവർ ഇന്നലെ രാവിലെ തിരിച്ചെത്തിയപ്പോഴാണ് വാതിൽ തുറന്നുകിടക്കുന്നതായി കണ്ടത്. അലമാരകൾ തുറന്ന് സാധനങ്ങൾ വാരിവലിച്ചിട്ടിരിക്കുകയായിരുന്നു. വിവരമറിയിച്ചതിനെ തുടർന്ന് പോലീസ് സ്ഥലത്തെത്തി. കാര്യമായ മോഷണമൊന്നും ഇവിടെ നടന്നിട്ടില്ലെന്ന് വീട്ടുകാർ പറഞ്ഞു.

# സ്കൂളുകളിലെ സോഷ്യൽ ഓഡിറ്റ് 24 മുതൽ

കാസർഗോഡ്: പുതിയ അധ്യയന വർഷം ജൂൺ മൂന്നിന് ആരംഭിക്കുന്നതിന് ഫലപ്രദമായി മുന്നൊരുക്കങ്ങൾ നടത്തുന്നതിന് സ്കൂൾ സേഫ്റ്റി ഓഡിറ്റ് നടത്തും. ജില്ലാ പഞ്ചായത്ത് ഹാളിൽ ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെയും സ്കൂൾ അധ്യാപകരുടെയും പിടിഎ ഭാരവാഹികളുടെയും യോഗം ചേർന്നു. തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് സ്കൂൾ സുരക്ഷ സംബന്ധിച്ച പരിശീലനം നൽകി കഴിഞ്ഞെന്നും റിസോഴ്സ് പേർസൺമാരായ ഈ അധ്യാപകർ ജില്ലയിലെ മുഴുവൻ സ്കൂളുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുകയും സേഫ്റ്റി ഓഡിറ്റിന് നേതൃത്വം നൽകുകയും ചെയ്യുമെന്ന് പൊതു വിദ്യാഭ്യാസ ഉപ ഡയറക്ടർ ഇൻ ചാർജ് വി. ദിനേശ് പറഞ്ഞു. മുൻ പൊതു വിദ്യാഭ്യാസ ഉപ ഡയറക്ടർ എൻ. നന്ദികേശൻറെ നേതൃത്വത്തിൽ ആദ്യ ഘട്ടത്തിൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള് 84 വിദ്യാലയങ്ങളിൽ സുരക്ഷാ ഓഡിറ്റ് നടത്തും തുടർന്ന് എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലും സിബിഎസ്ഇ, ഐസിഎസ്സി വിദ്യാലയങ്ങളിലും ഓഡിറ്റ് നടത്തും. നൂറോളം പരിശീലകരാണ് ജില്ലയിൽ സ്കൂൾ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിൻറെ ഭാഗമായി പ്രവർത്തിക്കുന്നത്. നാല് അഞ്ച് പേരടങ്ങുന്ന സംഘങ്ങൾ ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ പരിശോധന നടത്തി സ്കൂളുകളിലെ സുരക്ഷ ഉറപ്പാക്കും.

കഴിഞ്ഞ വർഷം മുതൽ എക്സൈസ് വകുപ്പിൻറെ നേതൃത്വത്തിൽ നേർവഴി എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും പൂർണമായും ലഹരിക്ക് അടിമപ്പെട്ടുവെന്ന് അധ്യാപകർ ഉറപ്പാക്കുന്ന വിദ്യാർഥികളുടെ വിവരങ്ങൾ നൽകിയാൽ ഉടൻ എക്സൈസ് വകുപ്പിലെ മെൻററർമാർ കുട്ടികളുമായി നേരിട്ട് ബന്ധപ്പെട്ട് വിജയം ഉറപ്പാക്കിയ പദ്ധതിയാണിതെന്നും സ്കൂൾ സേഫ്റ്റി ഓഡിറ്റിൻറെ പരിധിയിൽ സമീപ പ്രദേശങ്ങളിലെ കടകളും ഉൾപ്പെടണമെന്നും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ പി. കെ. ജയരാജ് പറഞ്ഞു. സ്കൂൾ സേഫ്റ്റി ഓഡിറ്റിൽ എക്സൈസ് പൂർണമായും ചേർന്ന് പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സ്കൂൾ വാഹനങ്ങളുടെ പരിശോധനയും സുരക്ഷയും ഉറപ്പാക്കുമെന്ന് മോട്ടോർ വാഹന വകുപ്പ് പ്രതിനിധി പറഞ്ഞു. സ്കൂളുകളിലെ കെഎസ്ഇബിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളുടെ പ്രതിവിധി, ദേശീയപാതയോരത്തെ സ്കൂളുകളിലെ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടിന് പരിഹാരമായി സ്കൂൾ പരിസരത്തെ റോഡുകളിൽ ഹോം ഗാർഡിൻറെ സേവനം എന്നിവ വിവിധ സ്കൂളുകളുടെ മുഖ്യാധ്യാപകർ ആവശ്യപ്പെട്ടു.

ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ബേബി ബാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു.

# നാലുവർഷ ബിരുദ കോഴ്സുകളുടെ സിലബസ് പുറത്തിറക്കാതെ കണ്ണൂർ സർവകലാശാല ഇരുട്ടിൽ തപ്പുന്നു: കെപിസിടിഎ

കണ്ണൂർ: നാലുവർഷ ബിരുദ കോഴ്സുകൾ സംബന്ധിച്ച യാതൊരു വിശദാംശവും പുറത്തിറക്കുവാൻ കഴിയാതെ കണ്ണൂർ സർവകലാശാല പ്രതിസന്ധിയിലായിരിക്കുന്നത് കഴിഞ്ഞ കാലങ്ങളിൽ സ്വജനപക്ഷപാതം പ്രോത്സാഹിപ്പിച്ചതിൻറെ പരിണിതഫലമെന്ന് കെപിസിടിഎ കണ്ണൂർ മേഖലാ കമ്മിറ്റി അറിയിച്ചു. സിലബസ് രൂപീകരിക്കുവാൻ ചുമതലപ്പെടുത്തിയത് നിയമപരമല്ലാതെ സർവകലാശാല രൂപീകരിച്ച അഡ് ഹോക്ക് കമ്മിറ്റിയെ ആയിരുന്നു. ഇടതുപക്ഷ അംഗങ്ങളെ കുത്തിനിറച്ച അഡ് ഹോക്ക് കമ്മിറ്റി രൂപീകരിച്ച് സിലബസ് രൂപീകരിക്കുവാൻ പരിശ്രമിച്ച സർവകലാശാല, പുതിയ വൈസ് ചാൻസലറുടെ ഇടപെടലിലൂടെ നിയമപരമായി പഠന ബോർഡുകൾ രൂപീകരിച്ചു. പക്ഷേ പഠന ബോർഡുകളിലും ഭരണ വിലാസം സംഘടനകളുടെ രാഷ്ട്രീയ വീതം വെപ്പ് നടത്തി, യോഗ്യതയുള്ള ധാരാളം അധ്യാപകരെ മാറ്റിനിർത്തി സർവകലാശാല സ്വജനപക്ഷപാതം നടപ്പിലാക്കി. ഒരു മാസം മുമ്പ് നടക്കേണ്ടിയിരുന്ന അക്കാഡമിക് കൗൺസിൽ മീറ്റിംഗ് എന്ന് നടക്കുമെന്ന് അറിയിക്കാൻ കഴിയാത്ത അവസ്ഥയിൽ സർവകലാശാല എത്തുവാൻ കാരണം സിലബസ് പ്രതിസന്ധിയാണ്. ചില വിഷയങ്ങളിൽ രണ്ട് സെമസ്റ്റർ സിലബസ് രൂപീകരിച്ചുകൊണ്ട് നാലുവർഷ ഡിഗ്രി ആരംഭിക്കുവാൻ നീക്കം ഉണ്ടെന്നും കെപിസിടിഎ ആരോപിച്ചു. കഴിഞ്ഞവർഷം സർവകലാശാല പുതുക്കിയ ചില ബിരുദാനന്തര ബിരുദ കോഴ്സുകളുടെ രണ്ടാം സെമസ്റ്റർ സിലബസ് പോലും വെബ്സൈറ്റിൽ വർഷം ഒന്ന് കഴിഞ്ഞിട്ടും വന്നിട്ടില്ല.

ബിരുദാനന്തര ബിരുദ കോഴ്സുകളുടെ മൂന്നും നാലും സെമസ്റ്റർ സിലബസ് രൂപീകരിക്കുവാൻ കഴിയാത്തവരാണ് 40 വിഷയങ്ങളിൽ നാലുവർഷ കോഴ്സിൻറെ സിലബസ് രൂപീകരിക്കുവാൻ രാഷ്ട്രീയവത്കരണം നടത്തുന്നത്.

പൂർണമായ സിലബസ് ഇല്ലാതെ നാലുവർഷ ഡിഗ്രി കോഴ്സ് ആരംഭിച്ചാൽ നിയമപരമായി നേരിടുമെന്നും അക്കാദമിക് സമൂഹത്തെ വെല്ലുവിളിക്കാൻ സർവ്വകലാശാലയെ അനുവദിക്കില്ലെന്നും അധ്യക്ഷത വഹിച്ച കണ്ണൂർ മേഖലാ പ്രസിഡൻറ് ഡോ. ഷിനോ പി. ജോസ് അറിയിച്ചു. ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. പി പ്രജിത, ഡോ വി പ്രകാശ് എന്നിവർ സംസാരിച്ചു.

# കള്ളാർ അടോട്ടുകയ റോഡിൽ മണ്ണിടിഞ്ഞു; രണ്ട് വീടുകൾ അപകടാവസ്ഥയിൽ

രാജപുരം: പത്തുകോടി രൂപ ചെലവിൽ നവീകരിച്ച കള്ളാർഅടോട്ടുകയ പൊതുമരാമത്ത് റോഡിനോടു ചേർന്നുകിടക്കുന്ന രണ്ട് വീടുകൾ അപകടാവസ്ഥയിൽ.

റോഡിൽ നിന്നും ആറ് മീറ്ററോളം ഉയരത്തിൽ നില്ക്കുന്ന ഈ വീടുകളുടെ മുൻവശത്തുനിന്നും റോഡിലേക്ക് മണ്ണിടിച്ചിലുണ്ടാകുന്ന നിലയാണ്. റോഡ് നിർമാണത്തിനായി അധികൃതർ ഏറ്റെടുത്ത സ്ഥലത്ത് പാർശ്വഭിത്തി നിർമിക്കാതിരുന്നതാണ് പ്രശ്നമായത്. റോഡിനുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഇവിടെ കോൺക്രീറ്റ് ചെയ്ത് പാർശ്വഭിത്തി നിർമിക്കുമെന്നായിരുന്നു പൊതുമരാമത്ത് വകുപ്പ് അധികൃതരുടെ വാഗ്ദാനമെന്നും അത് പാലിക്കപ്പെടാത്തതാണ് പ്രശ്നമായതെന്നും വീട്ടുകാർ പറയുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി കള്ളാർ പഞ്ചായത്ത് പ്രസിഡൻറ് ടി. കെ. നാരായണൻ മുഖ്യമന്ത്രിക്കും പൊതുമരാമത്ത് മന്ത്രിക്കും കളക്ടർക്കും മനുഷ്യാവകാശ കമ്മീഷനും പരാതി നൽകിയിട്ടുണ്ട്. പേരേക്കാട്ട് പി. ജി ശ്യാംലാലിൻറെ വീടാണ് കൂടുതൽ അപകടാവസ്ഥയിൽ നിൽക്കുന്നത്. റോഡിൽ നിന്നും രണ്ടുമീറ്റർ മാത്രം അകലത്തിലുള്ള വീടിന് തൊട്ടടുത്തു വരെ മണ്ണിടിച്ചിലുണ്ടായിട്ടുണ്ട്. വീടിനു സമീപം മണ്ണിൽ വിള്ളലുകളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. തൊട്ടടുത്തുള്ള വീടും അപകടാവസ്ഥയിലാണ്. ശക്തമായ ഒരു മഴ പെയ്താൽ രണ്ടു വീടുകളും റോഡിലേക്ക് നിലംപൊത്തുമെന്ന അവസ്ഥയാണ്. അപകടാവസ്ഥ കണക്കിലെടുത്ത് രണ്ടു വീട്ടുകാരെയും ഇവിടെ നിന്നും മാറ്റിപാർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രസിഡൻറ് ടി. കെ. നാരായണൻ, വാർഡ് അംഗം പി. ഗീത, സ്പെഷ്യൽ വില്ലേജ് ഓഫീസർ ജ്യോതി, അസി. വില്ലേജ് ഓഫീസർ അജിത്ത്, പൊതുമരാമത്ത് അസി. എൻജിനീയർ ജോർജ്, മുൻ പഞ്ചായത്ത് അംഗം മജീദ് എന്നിവർ സ്ഥലം സന്ദർശിച്ചു. പഞ്ചായത്ത് പ്രസിഡൻറിൻറെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിലാണ് രണ്ടു വീട്ടുകാരെയും തത്കാലം മാറ്റി താമസിപ്പിക്കാൻ ധാരണയായത്.

# ചക്കയ്ക്ക് അംഗീകാരം ലഭിച്ച് രണ്ടു വർഷമാകുന്നു

കാസർഗോഡ്: കേന്ദ്രസർക്കാരിൻറെ ഒരു ജില്ല ഒരു ഉത്പന്നം പദ്ധതിയിൽ ജില്ലയുടെ ഉത്പന്നമായി ചക്കയ്ക്ക് അംഗീകാരം ലഭിച്ച് രണ്ടു വർഷമാകുന്നു. ജില്ലയിൽ മിക്ക സ്ഥലങ്ങളിലും സുലഭമായി ലഭിക്കുന്നു എന്നതിനാലാണ് ചക്കയെ ജില്ലയുടെ ഉത്പന്നമായി തെരഞ്ഞെടുത്തത്. എന്നാൽ കാലാവസ്ഥാ വ്യതിയാനം മൂലം ഈ വർഷം ചക്കയുടെ ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടായി. ഉത്പാദനത്തിൽ കാലതാമസവും ഉണ്ടായിട്ടുണ്ട്. ഇനി മഴ ശക്തിപ്രാപിച്ചുകഴിഞ്ഞാൽ ഉണ്ടായ ചക്കയെല്ലാം ഒരുമിച്ച് ചീഞ്ഞു നശിക്കുന്ന അവസ്ഥയാകും. അതിനുമുമ്പേ മൂല്യവർധിത ഉല്പന്നങ്ങളാക്കി വിപണിയിലെത്തിക്കാനുള്ള സാധ്യതകളാകട്ടെ, ഇപ്പോഴും പരിമിതമാണ്.

ജില്ലയുടെ ഉത്പന്നമായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ അതിൻറെ വിപണനത്തിനും മൂല്യവർധിത ഉല്പന്നങ്ങളുടെ നിർമാണത്തിനും ജില്ലാ ഭരണകൂടവും ജില്ലാ വ്യവസായകേന്ദ്രവുമെല്ലാം മുൻകൈയെടുത്ത് പദ്ധതികൾ തയ്യാറാക്കുമെന്നായിരുന്നു പ്രതീക്ഷ. ചക്കയുമായി ബന്ധപ്പെട്ട് ജില്ലയുടെ എല്ലാ ഭാഗങ്ങളിലും സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രോത്സാഹനവും പ്രത്യേക വായ്പാപദ്ധതികളും പരിശീലനവുമൊക്കെ നല്കുമെന്നായിരുന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നത്. പക്ഷേ വിവിധയിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ ചക്ക മഹോത്സവങ്ങൾ നടത്തിയതല്ലാതെ കാര്യമായ മറ്റു നടപടികളൊന്നും ഉണ്ടായില്ല. മറ്റു സംരംഭങ്ങൾക്കും ഉത്പന്നങ്ങൾക്കും ലഭിക്കുന്ന പരിഗണനയിൽ കൂടുതലായി ഒന്നും ചക്ക ഉത്പന്നങ്ങൾക്ക് ലഭിച്ചതുമില്ല. സീസണിൽ മാത്രം ലഭിക്കുന്നതുകൊണ്ടും പറിച്ചെടുക്കാനും സംസ്കരിക്കാനുമുള്ള ബുദ്ധിമുട്ടുകൾ കൊണ്ടും ചക്കയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ തുടങ്ങാൻ അധികമാരും മുന്നോട്ടു വന്നതുമില്ല. ജില്ലയുടെ ഉത്പന്നമെന്ന പേരുമാത്രം ബാക്കിയായി.

അടുത്തകാലത്ത് ബദിയടുക്കയിലെ ഒരു കൂട്ടായ്മയുടെ നേതൃത്വത്തിൽ ചക്ക കൊണ്ട് 26 ഇനം ഭക്ഷ്യവിഭവങ്ങൾ ഒരുക്കിയിരുന്നു. ചക്ക പൗഡർ, ചിപ്സ്, ഐസ്ക്രീം, ജാം എന്നിവയ്ക്കൊപ്പം ഹലുവ, പപ്പടം, വട, ദോശ, റൊട്ടി, അച്ചാർ തുടങ്ങി വൈവിധ്യമാർന്ന വിഭവങ്ങൾ ഇതിൽ ഇടം പിടിച്ചിരുന്നു. എന്നാൽ ഇത്തരം സംരംഭങ്ങൾക്ക് ജില്ലയുടെ സ്വന്തം ഉത്പന്നമെന്ന നിലയിൽ പ്രത്യേകിച്ചൊരു പ്രോത്സാഹനവും ലഭിക്കുന്നില്ലെന്നതാണ് സംരംഭകരെ പിറകോട്ടടിപ്പിക്കുന്നത്.

# കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേളകം, കണിച്ചാർ, കോളയാട് വില്ലേജുകളും

കേളകം: കസ്തൂരിരംഗൻ റിപ്പോർട്ടിൽ അധികമായി ഉൾപ്പെട്ട് കേളകം, കണിച്ചാർ, കോളയാട് വില്ലേജുകൾ. നേരത്തെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നിശ്ചയിച്ച ഇഎസ്എ പരിധിയിൽ കണ്ണൂർ ജില്ലയിൽ കൊട്ടിയൂർ, ആറളം, ചെറുവാഞ്ചേരി വില്ലേജുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പുതിയ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഇറക്കിയ മാപ്പിലാണ് മൂന്നു വില്ലേജുകൾ കൂടി ഉൾപ്പെട്ടത്.

കേളകം, കൊട്ടിയൂർ പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട ജലസ്രോതസുകളായ ചീങ്കണ്ണിപ്പുഴ, ബാവലി പുഴ എന്നിവയെ ഇഎസ്എ പരിധിയിലാക്കാനുള്ള ശ്രമവും നടന്നിട്ടുണ്ട്. ഈ നീക്കത്തിനെതിരെ കർഷക സംഘടനയായ കിഫ സമരപരിപാടികൾ സംഘടിപ്പിക്കാൻ നീക്കം ആരംഭിച്ചു. മറ്റ് കർഷക സംഘടനകളും ഇതിനെതിരേ രംഗത്തുവന്നിട്ടുണ്ട്. വനം മാത്രം ഉൾപ്പെടുത്തി പരിസ്ഥിതി സംവേദന മേഖല നിശ്ചയിക്കണമെന്നാണ് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലും പറഞ്ഞിരുന്നത്. കർഷക സംഘടനകളും നാട്ടുകാരും ആദ്യം മുതൽ ആവശ്യപ്പെട്ടിരുന്നതും ഇതുതന്നെ. എന്നാൽ, പ്രദേശങ്ങളെ ഏതുവിധേനയും പിടിച്ചെടുക്കാനാണ് വനം വകുപ്പിൻറെ നീക്കം. റിപ്പോർട്ട് പ്രകാരം ഇപ്പോൾ കേളകം, കണിച്ചാർ, കോളയാട് വില്ലേജുകളിലെ പ്രദേശങ്ങളും പരിസ്ഥിതി സംവേദന മേഖലയിൽ ഉൾപ്പെടുന്ന സ്ഥിതിയാണുള്ളത്.

കഴിഞ്ഞ വർഷം ഡിസംബർ 16ന് പുറത്തിറക്കിയ ഉത്തരവ് പ്രകാരം ഇഎസ്എയിൽ ഉൾപ്പെട്ട ഭൂമിയിൽ ഗ്രൗണ്ട് സർവേ നടത്തി ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുന്നതിനു അനുവദിച്ച സമയം ഏപ്രിൽ 30ന് അവസാനിച്ചെങ്കിലും കേരളം കൂടുതൽ സമയം ആവശ്യപ്പെടുകയായിരുന്നു. കാലാവസ്ഥ വ്യതിയാന വകുപ്പ് അനുവദിച്ച കാലാവധി കഴിഞ്ഞ സ്ഥിതിക്ക് ഇനി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ സ്ഥിതിയും പറയാനാകില്ല. ഇപ്പോൾ ലഭ്യമായ മാപ്പുപ്രകാരം കണ്ണൂർ ജില്ലയിലെ പാലുകാച്ചി, കുനംപള്ള, ഏലപ്പീടിക, ചീങ്കണ്ണിപ്പുഴയുടെ അതിർത്തി പ്രദേശങ്ങൾ, ബാവലി പുഴയുടെ അതിർത്തി പ്രദേശങ്ങൾ, പെരുവ, ചെക്കേരി, മുണ്ടയാട്, ചെറുവാഞ്ചേരി, പാലയത്തുവയൽ, കണ്ണവം പ്രദേശങ്ങൾ ഇഎസ്എ പരിധിയിൽ വരും. തദ്ദേശ സ്വയംഭരണ വകുപ്പിൻറെ കൂടി സാന്നിധ്യത്തിലും സഹകരണത്തോടെയും സർവേ നടത്തണമെന്നായിരുന്നു നിർദേശം.

എന്നാൽ, ആ ഉത്തരവ് പോലും പഞ്ചായത്തുകളിൽ ലഭിച്ചത് ഏതാനും ദിവസങ്ങൾക്ക് മുന്പാണ്. കൊട്ടിയൂർ പഞ്ചായത്ത് നേരിട്ടുതന്നെ സർവേയ്ക്ക് സൗകര്യമൊരുക്കി പരിശോധന നടത്തിയ മലയോര ഹൈവേയുടെ ഭാഗങ്ങളും അവ കടന്നുപോകുന്ന ഭൂപ്രദേശവും ഇഎസ്എയിൽ ഉൾപ്പെടുന്ന സ്ഥിതിയാണുള്ളത്. കേളകം, കണിച്ചാർ പഞ്ചായത്തുകളിൽ വരുന്ന ചീങ്കണ്ണിപ്പുഴയെ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽനിന്ന് പിടിച്ചെടുത്ത് ആറളം വന്യജീവി സങ്കേതത്തിൻറെ കീഴിലാക്കാനുള്ള ശ്രമം തുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി.

ഇതിനെതിരേ പ്രതിഷേധ പരിപാടികൾ നടത്തുന്നതിനിടയിലാണ് കസ്തൂരിരംഗൻ റിപ്പോർട്ടിൻറെ മറവിൽ കൊട്ടിയൂരിൻറെ സമീപ പഞ്ചായത്തുകളിലേക്ക് കൂടി ഇഎസ്എ വ്യാപിപ്പിക്കാനുള്ള നീക്കം നടക്കുന്നത്.

കൂടാതെ കൊട്ടിയൂർ, കേളകം, കണിച്ചാർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ബാവലിപ്പുഴയും ഇഎസ്എയിൽ ഉൾപ്പെത്തിയിട്ടുണ്ട്. ഇപ്പോൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട് അനുസരിച്ചാണ് ഇഎസ്എ പ്രദേശമായി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുക.

# ജില്ലയിൽ സ്കൂൾ ബസുകളുടെ പരിശോധന 29 മുതൽ

കണ്ണൂർ: സ്കൂൾ തുറക്കാൻ രണ്ടാഴ്ച മാത്രം ബാക്കിനിൽക്കെ വിദ്യാർഥികളുടെ സുരക്ഷിത യാത്ര ഉറപ്പിക്കുന്നതിനായി സ്കൂൾ ബസുകളുടെ ഫിറ്റ്നസ് പരിശോധിക്കാനൊരുങ്ങി മോട്ടോർ വാഹന വകുപ്പ്. 29,30, 31 തീയതികളിലാണ് ജില്ലയിലെ വിവിധ ഗ്രൗണ്ടുകളിലായി ഫിറ്റ്നസ് പരിശോധന നടത്തുന്നത്.

ബസുകളുടെ സുരക്ഷ കൃത്യമായി പരിശോധിച്ചതിന് ശേഷം മാത്രമേ സ്കൂൾ ബസുകൾക്ക് സർവീസ് നടത്താൻ അനുമതി നൽകുകയുള്ളൂവെന്ന് മോട്ടോർ വാഹന വകുപ്പ് അധികൃതർ പറഞ്ഞു. പരിശോധനയിൽ പാസാകുന്ന വാഹനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് ചെക്ക്ഡ് സ്റ്റിക്കർ പതിപ്പിക്കും. അല്ലാത്ത വാഹനങ്ങൾക്ക് സർവീസ് നടത്താൻ അനുമതിയുണ്ടാകില്ല. നിലവിൽ ബ്രേക്കിന് വരുന്ന ബസുകൾ പരിശോധിച്ച് മോട്ടോർ വാഹന വകുപ്പ് ചെക്ക്ഡ് സ്റ്റിക്കർ പതിപ്പിക്കുന്നുണ്ട്. ഇവ വീണ്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ലെന്ന് അധികൃതർ പറഞ്ഞു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത ബസുകൾ ഉൾപ്പെടെയുള്ള മുഴുവൻ വാഹനങ്ങളുടെ പരിശോധനയാണ് സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി നടക്കുന്നത്.

ടയറുകൾ, വൈപ്പർ, എമർജൻസി വാതിലുകൾ, ലൈറ്റുകൾ, ഇൻഡിക്കേറ്റർ എന്നിവയെല്ലാം പ്രവർത്തനക്ഷമമായിരിക്കണം. അറ്റകുറ്റപ്പണികൾ യഥാവിധം പൂർത്തിയാക്കിയ വാഹനങ്ങൾ പരിശോധിച്ച് സർവിസിന് യോഗ്യമാണെന്ന് കണ്ടാൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കൂ.

സ്കൂൾ തുറക്കാൻ രണ്ടാഴ്ച മാത്രം ബാക്കിയുള്ളപ്പോഴും മിക്ക സ്കൂൾ ബസുകളും അറ്റകുറ്റപണിക്കായി വർക്ക്ഷോപ്പിൽ കയറ്റിയിട്ടിരിക്കുകയാണ്. അധ്യയന വർഷം ആരംഭിച്ചാലും നിയമലംഘനങ്ങൾ തടയാൻ പരിശോധനകൾ തുടരാൻ തന്നെയാണ് മോട്ടോർ വാഹന വകുപ്പിൻറെ തീരുമാനം.

വാഹനങ്ങളുടെ ഫിറ്റ്നസിന് പുറമേ സ്കൂൾ കുട്ടികളുടെ വാഹനം ഓടിക്കുന്ന ഡ്രൈവർമാരുടെ കാര്യത്തിലും മോട്ടോർ വാഹന വകുപ്പ് കർശന നിലപാടിലാണ്. കുട്ടികളുടെ പേര് വിവരങ്ങൾ സൂക്ഷിക്കുന്നതുൾപ്പെടെ സ്കൂൾ വാഹനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച യാത്രാ നിർദേശങ്ങൾ സ്കൂൾ ഉടമകളും വാഹന ഡ്രൈവർമാരും കർശനമായി പാലിക്കണമെന്ന് മോട്ടോർവാഹന വകുപ്പ് അധികൃതർ പറഞ്ഞു. സ്കൂൾ വർഷാരംഭത്തിന് മുമ്പ് ഫിറ്റ്നസ് ഉറപ്പാക്കാത്ത വാഹനങ്ങൾ നിരത്തിലിറങ്ങിയാൽ പിടിച്ചെടുക്കാനാണ് മോട്ടോർ വാഹന വകുപ്പിൻറെ തീരുമാനം.

# സാമ്പത്തിക നയം മാറ്റിയില്ലെങ്കിൽ കേരളം തകരും: വി. ഡി. സതീശൻ

മലപ്പുറം: സാമ്പത്തിക വർഷത്തിൻറെ തുടക്കത്തിൽ തന്നെ ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ട സ്ഥിതി വന്നത് അതീവ ഗുരുതരമാണെന്നു പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ജീവനക്കാരുടെ ശമ്പളം ചരിത്രത്തിൽ ആദ്യമായി മുടങ്ങിയത് ചെറിയ കാര്യമല്ല. ജീവനക്കാരോട് യാതൊരുവിധ പ്രതിബദ്ധതയും ഇല്ലാത്ത സർക്കാരാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്.

ധൂർത്തും കെടുകാര്യസ്ഥതയും മൂലം ഉണ്ടായ സാമ്പത്തിക ബുദ്ധിമുട്ടു കാരണം സർക്കാരിൻറെ ദൈനംദിന പ്രവർത്തനം പോലും താളം തെറ്റിയിരിക്കുന്നു. സർക്കാരിൻറെ നയം മാറ്റിയില്ലെങ്കിൽ കേരളം തിരിച്ചുവരാത്ത രീതിയിൽ സാമ്പത്തികമായി തകരുമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി. മലപ്പുറത്ത് കേരള എൻജിഒ അസോസിയേഷൻ ജില്ലാ കമ്മിറ്റി നടത്തിയ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡൻറ് വിഷ്ണുദാസ് അധ്യക്ഷനായിരുന്നു. എ. പി. അനിൽകുമാർ എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. ഡിസിസി പ്രസിഡൻറ് വി. എസ്. ജോയ് മുഖ്യാതിഥിയായിരുന്നു.

സംസ്ഥാന വൈസ് പ്രസിഡൻറ് വി. പി. ദിനേശ് ഉൾപ്പെടെയുള്ള അസോസിയേഷൻ നേതാക്കൾക്കാണ് ചടങ്ങിൽ യാത്രയയപ്പ് നൽകിയത്. കെപിസിസി ജനറൽ സെക്രട്ടറിമാരായ ആര്യാടൻ ഷൗക്കത്ത്, ആലിപ്പറ്റ ജമീല, സംസ്ഥാന പ്രസിഡൻറ് ചവറ ജയകുമാർ, കെപിസിസി സെക്രട്ടറിമാരായ വി. ബാബുരാജ്, കെ. പി. അബ്ദുൾ മജീദ്,

സംസ്ഥാന ജനറൽ സെക്രട്ടറി എ. എം. ജാഫർ ഖാൻ, സംസ്ഥാന ട്രഷറർ തോമസ് ഹെർബിറ്റ്, വിവിധ സംഘടനാ നേതാക്കളായ സി. ബ്രിജേഷ്, കെ. പി. പ്രശാന്ത്, സുധീർകുമാർ, ഡാനിഷ്, വി. പി. സമീർ, സി. ബാബുരാജ് തുടങ്ങിയവർ പ്രസംഗിച്ചു.

വി. പി. ദിനേശ്, എൻ. മോഹൻദാസ്, സി. കെ. അബ്ദുൾ റസാക്ക്, എ. പി. സുരേഷ് കുമാർ, പി. കെ. അജിത് കുമാർ, ചന്ദ്രൻ ഒതുക്കുങ്ങൽ, പുഷ്പകുമാരി, പി. സി. ജയാനന്ദൻ എന്നിവർ മറുപടി പ്രസംഗം നടത്തി.

## കീം 2024: ട്രയൽ ടെസ്റ്റ്

എൻജിനിയറിങ്/ ഫാർമസി കോഴ്സിലേക്കുള്ള (കീം 2024) കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയ്ക്ക് മുന്നോടിയായി മേയ് 25 നു നടത്തുന്ന ട്രയൽ ടെസ്റ്റിൽ പങ്കെടുക്കുന്നതിന് KEAM അപേക്ഷയിലൂടെ സമ്മതം അറിയിച്ചിട്ടുള്ളവർക്കായി ട്രയൽ ടെസ്റ്റിന് അഡ്മിഷൻ സ്ലിപ് വെബ്സൈറ്റിൽ നിന്നു ഡൗൺലോഡ് ചെയ്യാം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www. cee. kerala.gov.in സന്ദർശിക്കുക.